# കേരളപാഠാവലി



## രണ്ടാം പാഠപുസ്തകം

M.S.795
5-82

# കേരളപാഠാവലി

# രണ്ടാംപാഠപുസ്തകം

GOVERNMENT TRAINING SCHOOL
T. C. STATE.
KOTTAYAM.

## ക്ലാസ്സ് 2

തിരുവിതാംകൂർ-കൊച്ചി ഗവൺമെൻറിൽനിന്നു്

നിയമിച്ച കമ്മിററി തയ്യാറാക്കിയതു്.

[പകർപ്പവകാശം ഗവണ്മെൻറിനു്]

1956

വില 7 അണ.

cl-ii-i

കമ്മിററി അംഗങ്ങൾ:—

1. ശൂരനാട്ടു കുഞ്ഞൻപിള്ള
3. അമ്പാടി കാർത്ത്യായനി അമ്മ
3. എം. രാമകൃഷ്ണൻ നായർ
4. മാത്യു എം. കുഴിവേലി

## പാഠവിവരം


| പാഠം | | പുറം |
|---|---|---|
| 1. | പ്രാർത്ഥന (പദ്യം) | 1 |
| 2. | അമ്മ | 2 |
| 3. | കാക്കയും മയിലുകളും | 4 |
| 4. | ഉണ്ണിക്കൃഷ്ണൻ (പദ്യം) | 6 |
| 5. | ദുഷ്ടൻെറ പ്രത്യുപകാരം | 8 |
| 6. | പൂച്ച | 10 |
| 7. | കിണററിൽവീണ ചന്ദ്രൻ | 13 |
| 8. | ഒത്തൊരുമ (പദ്യം) | 16 |
| 9. | ആനയും തയ്യൽക്കാരനും | 17 |
| 10. | ചിലന്തി പഠിപ്പിച്ച പാഠം | 19 |
| 11. | കർമ്മഗീതം (പദ്യം) | 22 |
| 12. | അതിമോഹം കുടികെടുത്തും | 24 |
| 13. | തെങ്ങ് | 26 |
| 14. | സാരോക്തികൾ (പദ്യം) | 29 |
| 15. | തള്ളയെ അനുസരിക്കാത്ത ആട്ടിൻകുട്ടി | 29 |
| 16. | സാഹസം | 32 |
| 17. | കേരളഗാനം (പദ്യം) | 35 |
| 18. | കന്യാകുമാരി | 36 |
| 19. | സൂര്യൻ (പദ്യം) | 39 |
| 20. | കൊല്ലൻ | 41 |
| 21. | വെള്ളംകൊണ്ടുകിട്ടിയത് വെള്ളത്തിൽ | 44 |
| 22. | നീതിവാക്യങ്ങൾ (പദ്യം) | 46 |
| 23. | നെൽക്കൃഷി | 47 |

| | | |
|---|---|---|
| 24. | മഹാബലി | 50 |
| 25. | ഓണം (പദ്യം) | 54 |
| 26. | ആർക്കും നന്മനേടാം. | 55 |
| 27. | മാവ് | 57 |
| 28. | സോളമന്റെ നീതിനടത്തൽ | 59 |
| 29. | തോറേറാടിയ പട (പദ്യം) | 62 |
| 30. | കോഴി | 63 |
| 31. | പൂച്ചയ്ക്കു് ആരു് മണികെട്ടും? | 65 |
| 32. | ഓമനക്കുട്ടൻ (പദ്യം) | 68 |
| 33. | കിട്ടുന്നതിൽ പാതി | 69 |
| 34. | കളികൾ | 72 |
| 35. | ദുർമ്മോഹം (പദ്യം) | 75 |
| 36. | നബിയുടെ വിനയം | 76 |
| 37. | വാഷിങ്ടന്റെ സത്യനിഷ്ഠ | 78 |
| 38. | കയർ | 80 |
| 39. | ആനയും കുരുടന്മാരും (പദ്യം) | 82 |
| 40. | വിദ്യയ്ക്കു വിദ്യ | 84 |
| 41. | വേലുത്തമ്പിയുടെ നീതിനിഷ്ഠ | 87 |
| 42. | ശിബി | 89 |
| 43. | വണ്ടും പൂക്കളും (പദ്യം) | 92 |
| 44. | ആമയും മുയലും | 93 |
| 45. | പണം കുഴിച്ചിട്ട വിഡ്ഢി | 95 |
| 46. | കഴുതയെ ചുമന്നതു് | 97 |

**കുറിപ്പു്:—നാല്പതു പാഠം പഠിപ്പിച്ചാൽ മതിയാകും. ശേഷം പാഠങ്ങൾ ഗൃഹപാഠമായി കുട്ടികൾ തനിയേ വായിക്കാനുള്ളവയാണു്.**

# കേരളപാഠാവലി

# രണ്ടാംപാഠപുസ്തകം

## പാഠം 1

## പ്രാർത്ഥന

ദൈവമേ! തൊഴാം കാത്തരുളെന്നെ നീ
നന്മയിലെനിക്കിമ്പമുണ്ടാകണം.
നേർവഴിക്കെന്നെ നീ നടത്തീടണം
നേർവരും ദുഃഖമൊക്കെയൊഴിക്കണം.
ബുദ്ധിയും ദേഹശക്തിയും നൽക നീ
സത്യമോതുവാൻ പോന്നതാം ധൈര്യവും
എന്റെ വീടുപോൽ കാണണം ലോകം ഞാൻ
എന്റെയുറ്റവരാകണമേവരും.
നിൻ വിലാസങ്ങൾ കാണട്ടെ കണ്ണുകൾ
നിൻകളഗാനം കാതുകൾ കേൾക്കട്ടെ.
ദൈവമേ! തൊഴാം കാത്തരുളെന്നെ നീ
നന്മയിലെനിക്കിമ്പമുണ്ടാകണം.

## പാഠം 2

# അമ്മ



വീട്ടിൽ നിങ്ങളെ ഓമനിച്ചു വളർത്താൻ പലരും ഉണ്ടു്. എങ്കിലും അമ്മയാണു് നിങ്ങളോടു്

അധികം ഇഷ്ടം. വിശക്കുമ്പോൾ അമ്മ നിങ്ങൾക്കു് ആഹാരം തരും. കളിക്കാൻ കളിപ്പാട്ടങ്ങൾ തരുന്നതും അമ്മയല്ലേ? ശരീരത്തിൽ അഴുക്കും പൊടിയും പുരളുമ്പോൾ അമ്മ കുളിപ്പിക്കുന്നു. നിങ്ങൾക്കു് ഉറക്കം വരുമ്പോൾ അമ്മ പാട്ടുപാടി ഉറക്കുന്നു.

അമ്മ ചെയ്യുന്ന ഉപകാരം എത്ര വലുതാണു്? കുട്ടിക്കാലത്തു് ആർക്കും താനേ ഒന്നും ചെയ്യാൻ ശക്തിയില്ല. വേണ്ടതു ചോദിക്കാനും പറയാനും കഴിവില്ല. വിശന്നു പൊരിഞ്ഞാലും ദാഹിച്ചു വലഞ്ഞാലും കരയാൻ മാത്രമേ കുട്ടിക്കു കഴിവുള്ളു. എന്തിനാണു കുഞ്ഞു കരയുന്നതു് എന്നു് അമ്മ അറിയും. അമ്മയുടെ ലാളനം കൊണ്ടു് കുഞ്ഞിന്റെ കരച്ചിൽ നിൽക്കയും ചെയ്യും.

പിച്ചനിൽക്കാനും നടക്കാനും അമ്മയല്ലേ ശീലിപ്പിച്ചതു്? അമ്മ പറയുന്നതു കേട്ടാണു് നിങ്ങൾ വർത്തമാനം പറയാനും പഠിച്ചതു്. അമ്മതന്നെ നിങ്ങളെ മുണ്ടു് ഉടുക്കാനും ഉടുപ്പു് ഇടാനും പഠിപ്പിച്ചു.

നമുക്കു് വേണ്ടതു തന്നു് നമ്മെ സ്നേഹിച്ചു വളർത്തുന്ന അമ്മയെ നാം ദൈവത്തെപ്പോലെ വിചാരിക്കണം.

## പാഠം 3

# കാക്കയും മയിലുകളും

അന്നു് മഴക്കാറു് ഉള്ള ദിവസം ആയിരുന്നു. ചെറിയ ഒരു കുന്നിന്റെ അരികിൽ കുറേ മയിലുകൾ കൂട്ടം കൂടി. മേഘം കണ്ടു് അവയ്ക്കു വലിയ സന്തോഷം ഉണ്ടായി. അവ കുറച്ചുനേരം മരക്കൊമ്പുകളിൽ തത്തിക്കളിച്ചു. പിന്നീടു് പീലി വിരിച്ചു് ആടാൻ തുടങ്ങി.



അപ്പോൾ ഒരു കാക്ക അവിടെ പറന്നു വന്നു. അതു് അടുത്തു് ഒരു മരക്കൊമ്പിൽ ചെന്നു് ഇരുന്നു. മയിലുകളുടെ ആട്ടം ആ കാക്ക സൂക്ഷിച്ചുനോക്കി. അതിനു് എന്തെന്നില്ലാത്ത സന്തോഷം തോന്നി. തനിക്കും അവയെപ്പോലെ അഴകു് ഉണ്ടാകണം എന്നു് അതു് ആഗ്രഹിച്ചു.

'മയിലിനും എനിക്കും എന്താണു വ്യത്യാസം? എനിക്കു് കുറേ പീലി കിട്ടിയാൽ മതിയല്ലോ. നിറം എനിക്കു് പോരാതെ ഇല്ല. ഞാൻ എവിടെ നിന്നെങ്കിലും പീലികൾ തട്ടിയെടുക്കും'. ഇപ്രകാരം വിചാരിച്ചുകൊണ്ടു് കാക്ക അവിടെനിന്നു പറന്നുപോയി.

ആ കാക്ക കാട്ടിൽ പൊഴിഞ്ഞുകിടന്ന കുറേ പീലി കണ്ടെടുത്തു. അതു് ആ പീലി വാലിൽ തിരുകിവച്ചു. അപ്പോൾ അതു് ഒരു മയിലുപോലെ ആയിത്തീർന്നു.

മയിലിന്റെ വേഷം അണിഞ്ഞപ്പോൾ കക്കയ്ക്കു് തന്നെത്താനെ ഒരു മതിപ്പു് ഉണ്ടായി. താൻ ഒരു മയിൽ തന്നെ എന്നു് അതു വിചാരിച്ചു. അതിനു് മററു കാക്കകളോടു നിന്ദ തോന്നി.

പിന്നീടു് അതു് മയിലുകളുടെ കൂട്ടത്തിലേയ്ക്കു് പറന്നു ചെന്നു. ഒരു മയിലിനെപ്പോലെ അതു് തത്തി നടക്കാനും ആടാനും തുടങ്ങി. കുറച്ചു നേരത്തേയ്ക്കു് മയിലുകൾക്കു് കാക്കയുടെ കള്ളത്തരം മനസ്സിലായില്ല. എന്നാൽ അല്പം കഴിഞ്ഞു് മയിലുകൾക്കു് നേരു

മനസ്സിലായി. അവ കാക്കയുടെ നേരെ തിരിഞ്ഞു. എല്ലാ മയിലുകളും കൂടെ കാക്കയെ കൊത്തി ഓടിച്ചു.

കാക്കയ്ക്കു് നാണവും ദുഃഖവും ഉണ്ടായി. അതു് പിന്നെയും കാക്കകളുടെ കൂട്ടത്തിൽ ചെന്നു ചേർന്നു, എന്നാൽ, അപ്പോൾ കാക്കകളുടെയും ഭാവം മാറിയിരുന്നു. ആ കാക്കയെ അവർ വെറുത്തു. 'നീ മയിലാണു്. ഞങ്ങൾ പാവങ്ങൾ; വെറും കാക്കകൾ; പോ മറയത്തു്!'

ഇങ്ങനെ പറഞ്ഞു് കാക്കകൾ വളഞ്ഞു കൊത്തി അതിനെ തുരത്തി.

---

പാഠം 4

# ഉണ്ണിക്കൃഷ്ണൻ

അമ്പാടി തന്നിലൊരുണ്ണിയുണ്ടങ്ങനെ
ഉണ്ണിക്കൊരുണ്ണിക്കുഴലുമുണ്ടങ്ങനെ 2
ഉണ്ണിക്കു പേരുണ്ണിക്കൃഷ്ണനെന്നങ്ങനെ
ഉണ്ണിവയററത്തു ചേരുമുണ്ടങ്ങനെ 4
ഉണ്ണിക്കൈ രണ്ടിലും വെണ്ണയുണ്ടങ്ങനെ
ഉണ്ണിക്കാൽ കൊണ്ടൊരു നൃത്തമുണ്ടങ്ങനെ 6



ഉണ്ണിത്താളകൾ ചിലമ്പുമുണ്ടങ്ങനെ
ഉണ്ണിക്കാൽ രണ്ടും തുടുതുടയങ്ങനെ 8
ഉണ്ണിയരയിലെ കിങ്ങിണിയങ്ങനെ
ചങ്ങാതിയായിട്ടോരേട്ടനുണ്ടങ്ങനെ
ചങ്ങാതിമാരായ പിള്ളരുണ്ടങ്ങനെ 10

പാഠം 5

# ദുഷ്ടൻെറ പ്രത്യുപകാരം

ഒരു കൊക്കു് ഒരു കുളക്കരയിൽ ഇരിക്കുകയായിരുന്നു. അതു മീൻ പിടിക്കാൻ തക്കം നോക്കിക്കൊണ്ടിരുന്നു. അപ്പോൾ അല്പം അകലെ ഒരു വിളികേട്ടു് കൊക്കു് തിരിഞ്ഞുനോക്കി. കുളത്തിൻെറ മറുകരയിൽ നിന്നും ആയിരുന്നു ആ ശബ്ദം കേട്ടതു്. അവിടെ ഒരു ചെന്നായ് നിൽക്കുന്നതു കണ്ടു. കൊക്കു് പറന്നു് അടുത്തു ചെന്നു. ഒരു വൃക്ഷത്തിൻെറ താഴ്ന്നകൊമ്പിൽ അതു് ഇരുന്നു. ഏതോ തിന്നതു കക്കിയിടാൻ ചെന്നായ് ശ്രമിക്കുന്നതുപോലെ തോന്നി. കൊക്കു ചോദിച്ചു:—

എന്തു് അബദ്ധം പററി? വല്ല ഞണ്ടും തൊണ്ടയിൽ അകപ്പെട്ടോ?

ചെന്നായ്:—പൊന്നു ചങ്ങാതി, ഒന്നും പറയാനില്ല. എനിക്കു് ഒരു ഉപകാരം ചെയ്യുമോ? തിരിച്ചു് എന്തു വേണമെങ്കിലും ഞാൻ ചെയ്തുതരാം.

കൊക്കു്:—തിരിച്ചു ചെയ്യുന്ന കഥ ഇരിക്കട്ടെ. എന്താണു് നിങ്ങൾക്കു് ആവശ്യം?

ചെന്നായ്:— ഞാൻ കുളത്തിൽ വെള്ളം കുടിക്കാൻ വന്നു. ഇവിടെ കരയ്ക്കു് അടുത്തു് ഒരു തടിയൻ മീൻ കിടക്കുന്നതു് കണ്ടു. ഒററക്കുതിക്കു് ഞാൻ അതിനെ പിടികൂടി. അതിനെ വലിച്ചു കരയ്ക്കുകയററി, തുണ്ടം തുണ്ടമാക്കി കടിച്ചു

കീറിത്തിന്നു. ഹാ! എന്തൊരു സ്വാദ്! പക്ഷേ അതിന്റെ ഒരു മുള്ള് തൊണ്ടയിൽ കുരുങ്ങിയിരിക്കുകയാണ്. ദയവുചെയ്ത് അതു് എടുത്തു കളയുമോ? നീ ചെയ്യുന്ന ഉപകാരം ഞാൻ ഒരിക്കലും മറക്കയില്ല. പറഞ്ഞതുപോലെ പ്രത്യുപകാരവും ചെയ്തുതരാം.

കൊക്ക്:—ആകട്ടെ, ഇതു പ്രയാസം ഇല്ലാത്ത സംഗതി ആണ്. എന്നാൽ കാര്യം കഴിയുമ്പോൾ മറന്നു കളയല്ലേ.

ചെന്നായ്:—കൊള്ളാം, ഈ ഉപകാരം മറക്കുകയോ?



കൊക്ക് ചെന്നായുടെ അടുത്തുചെന്ന് മേല്പോട്ടു നോക്കി വായ് പിളർക്കാൻ പറഞ്ഞു. അതു് ചെന്നായുടെ വായ്ക്കുള്ളിൽ തല ഇട്ടു. ചെന്നായുടെ തൊണ്ടയിൽ കുരുങ്ങിയിരുന്ന മുള്ളു് അതു് ചുണ്ടുകൊണ്ടു് വലിച്ചെടുത്തു. ചെന്നായ്ക്കു് വളരെ ആശ്വാസം ഉണ്ടായി. ഉടൻതന്നെ അവൻ യാത്ര പറയാൻ ഭാവിച്ചു. കൊക്കു ചോദിച്ചു.

നിൽക്കണം. എന്താണു് ഇത്ര തിടുക്കം? എനിക്കും ഒരു ഉപകാരം ചെയ്യാം എന്നല്ലേ പറഞ്ഞതു്?

ചെന്നായ്:—ആങ്ഹാ! ഞാൻ ഉപകാരം ചെയ്തില്ലെന്നോ? ഇതിൽക്കൂടുതൽ എന്താണു ചെയ്യാൻ ഉള്ളതു്? നിന്റെ തല എന്റെ വായിൽ പെട്ടില്ലേ? ഞാൻ കടിച്ചുപറിച്ചു കളയാഞ്ഞതു് വലിയ ഉപകാരം അല്ലേ? എന്നു പറഞ്ഞു് ചെന്നായ് തിരിഞ്ഞു നടന്നുകളഞ്ഞു.

---

പാഠം 6

## പൂച്ച

മനുഷ്യരോടു് വളരെ ഇണക്കമുള്ള ജന്തുവാണു് പൂച്ച. പൂച്ചയെ നാം വീട്ടിൽ വളർത്തുന്നു. പശു, ആടു്, പട്ടി മുതലായ ജന്തുക്കൾ വീട്ടിനു

പുറത്താണു് സഞ്ചരിക്കുന്നതു്. എന്നാൽ അറപ്പുര എന്നും അടുക്കള എന്നും ഭേദംകൂടാതെ പൂച്ച വീട്ടിൽ എല്ലായിടത്തും പെരുമാറുന്നു.

എലിയുടെ ഉപദ്രവമുള്ള വീടുകളിൽ പൂച്ചയെ കൊണ്ടു് വളരെ ഉപകാരം ഉണ്ടു്. രാത്രിയിൽ ഭക്ഷണസാധനങ്ങളും മററും തട്ടിക്കൊണ്ടു പോകാൻ എലിവരും. അപ്പോൾ പൂച്ച അവയെ പിടിച്ചു തിന്നും.

പൂച്ചയ്ക്കു് ഇരുട്ടത്തു് നല്ലവണ്ണം കാണാൻ കഴിയും. വെളിച്ചത്തു നോക്കിയാൽ അതിൻെറ കണ്ണുകൾ ചെറു



ആയി തോന്നും. ഇരുട്ടത്തു് അവ നല്ലവണ്ണം തിളങ്ങും. അതുകൊണ്ടാണു് പൂച്ചയ്ക്കു് രാത്രിയിൽ കാണാൻ കഴിയുന്നതു്.

പൂച്ചയെ നോവിക്കാതെ പിടിച്ചു് അതിൻെറ ഉള്ളങ്കാലുകൾ നോക്കുക. അവ പഞ്ഞിപോലെ മൃദുവാണു്. അതിനാൽ പൂച്ച നടക്കുമ്പോൾ തീരെ ശബ്ദം ഉണ്ടാകുന്നില്ല. പൂച്ചയ്ക്കു് കാലിൽ നഖം ഇല്ലെന്നു തോന്നും. എങ്കിലും അതിനെ ഉപദ്രവിച്ചാൽ വിരലുകളുടെ അററത്തു നിന്നും കൂർത്ത നഖങ്ങൾ പൊന്തിവരും.

പൂച്ചയ്ക്കു് ഓരോ കാലിലും വളരെ കുറിയ അഞ്ചു വിരലുകൾ ഉണ്ടു്. ഇവയിലെ കൂർത്ത നഖങ്ങളാണു് പൂച്ചയുടെ ആയുധം. നഖങ്ങൾകൊണ്ടു് പൂച്ച എലിയേയും മററും ബലമായി പിടിക്കുന്നു. കൂർത്ത പല്ലുകൾകൊണ്ടു് കടിച്ചുകീറി തിന്നുകയും ചെയ്യും.

പെൺപൂച്ച ഓരോതവണയും മൂന്നും നാലും കുട്ടികളെ പ്രസവിക്കുന്നു. ഉണ്ടായി നാലഞ്ചു ദിവസത്തേയ്ക്കു് പൂച്ചക്കുട്ടി കണ്ണു തുറക്കുന്നില്ല. തള്ളപ്പൂച്ച കുട്ടികളെ കടിച്ചെടുത്തുകൊണ്ടു് കിടക്കാൻ സൗകര്യം ഉള്ള സ്ഥലം നോക്കി പോകും.

പൂച്ചക്കുട്ടികൾ കളിക്കുന്നതു കാണാൻ വളരെ രസം ഉണ്ടു്. തള്ളപ്പൂച്ച വാൽ അനക്കി കളിപ്പിക്കും. കുഞ്ഞുങ്ങൾ അതു പിടിക്കാൻ ഓടിയും കുത്തിമറിഞ്ഞും

വിളയാട്ടം. ഇത്തരം കളികൊണ്ടു് പൂച്ചക്കുട്ടികളോടു് നമുക്കു് കൂടുതൽ ഇഷ്ടം തോന്നുന്നു.

നാം ഭക്ഷിക്കുന്ന എല്ലാ സാധനങ്ങളും പൂച്ച തിന്നും. എങ്കിലും അതിന്നു കൂടുതൽ ഇഷ്ടം പാലും മാംസവും ആണു്. ചെറു കിളികളേയും അണ്ണാനേയും തരം കിട്ടിയാൽ അതു് പിടിച്ചു തിന്നും.

പൂച്ചയും പട്ടിയെപ്പോലെ നമുക്കു് ഉപകാരം ചെയ്യുന്ന ജന്തുവാണു്. പട്ടി രാത്രിയിൽ വീടുകാക്കുന്നു. പൂച്ച വീട്ടിന്നു ശല്യമായ എലി, പാററ മുതലായ ജന്തുക്കളെ ഇല്ലാതാക്കുന്നു.

---

പാഠം 7

# കിണററിൽ വീണ ചന്ദ്രൻ

മുത്തുപിള്ള സന്ധ്യയ്ക്കു വീട്ടിൽ ചെന്നു. അപ്പോൾ ചന്ദ്രൻ ഉദിച്ചു പ്രകാശിക്കുന്നുണ്ടായിരുന്നു. നിലാവത്തു കുഞ്ഞുങ്ങളുമായി ഇരുന്നു രസിക്കണം എന്നു് പിള്ള വിചാരിച്ചു. എന്നാൽ, അതിനു മുമ്പായി കാലും മുഖവും കഴുകണം. അയാൾ കിണററു കരയിലേയ്ക്കു നടന്നു.

മുത്തുപ്പിള്ള വെള്ളം കോരാൻ തൊട്ടി കിണററിലേയ്ക്കു് ഇറക്കി. എന്തു് അദ്ഭുതം! ആകാശത്തു നിന്ന ചന്ദ്രൻ കിണററിൽ വീണുകിടക്കുന്നു. അയാൾ

അമ്പരന്നു. എങ്ങനെയാണു ചന്ദ്രനെ കരകേററേണ്ടതു് എന്നു വിഷമിച്ചു.



ഒരു നിമിഷം മുഴുത്തു ആലോചിച്ചുകൊണ്ടു നിന്നു. പെട്ടെന്നു ഭാര്യയെ വിളിച്ചു. ആ സ്ത്രീ ഓടിച്ചെന്നു. ഭർത്താവിൻെറ പരിഭ്രമം കണ്ടു് അവർക്കും ദുഃഖം

ഉണ്ടായി. കാര്യം എന്താണു് എന്നു് അറിയാൻ അവർ തിടുക്കത്തിൽ ചോദിച്ചു.

മുത്തു:—നോക്കൂ! പാവം! ചന്ദ്രൻ കിണററിൽ വീണു പോയി. വേഗമാകട്ടെ, പാതാളക്കരണ്ടികൊണ്ടു വരൂ; നമുക്കു് ഇപ്പോൾ ചന്ദ്രനെ കരയ്ക്കു കയററണം.

"ഇതാ കൊണ്ടുവന്നു കഴിഞ്ഞു" എന്നു പറഞ്ഞു കൊണ്ടു് ആ സ്ത്രീ വീട്ടിനുള്ളിലേയ്ക്കു് ഓടി. അവർ പെട്ടെന്നു പാതാളക്കരണ്ടി കൊണ്ടുവന്നു. അയാൾ കരണ്ടി കയററിൽക്കെട്ടി കിണററിൽ ഇറക്കി അടിക്കു് ഇഴച്ചു തുടങ്ങി. കരണ്ടി ഏതോ ഒരു കല്ലിൽ കുരുങ്ങി. ചന്ദ്രൻ കരണ്ടിയിൽ ഉടക്കി എന്നു് അയാൾ സന്തോഷിച്ചു. കയറു മേല്പോട്ടു വലിച്ചിട്ടു് വന്നില്ല. മുത്തുപിള്ള പുറകോട്ടു മലച്ചുനിന്നുകൊണ്ടു് ഊക്കോടെ വലിച്ചു. കയറു പൊട്ടീട്ടു് അയാൾ മലർന്നുവീണു.

ആ കിടപ്പിൽ അയാളുടെ നോട്ടം ആകാശത്തു ചെന്നു. വീണ വേദന അയാൾ അറിഞ്ഞതേ ഇല്ല. ചന്ദ്രൻ ആകാശത്തു പററിയല്ലോ! മുത്തുപിള്ള കുതിച്ചെഴുന്നേററു് ഭാര്യയോടു പറഞ്ഞു:—

"നോക്കൂ! വീണതു സാരമില്ല. പിടിയുടെ ഊക്കു കൊണ്ടു് ചന്ദ്രൻ മാനത്തു പററിയല്ലോ!"

പാഠം 8

## ഒത്തൊരുമ

പുല്ലു മെടഞ്ഞാൽ പായുണ്ടാകും
കല്ലു പണിഞ്ഞാൽ കെട്ടിടമുണ്ടാം
പഞ്ഞികൾ നൂററാൽ നൂലുണ്ടാകും
നൂലുകൾ നെയ്താൽ മുണ്ടായീടും
ചകിരി പിരിച്ചാൽ കയറുണ്ടാകും
പൂക്കൾ കൊരുത്താൽ മാലയുമുളവാം
മണ്ണു മെനഞ്ഞാൽ കലമുണ്ടാകും
തുണികളിണച്ചാൽ കുപ്പായവുമാം.
ആളുകൾ ചേർന്നാൽ പട്ടാളവുമാം
താളുകൾ ചേർന്നാൽ പുസ്തകമാകും
അക്ഷരമൊന്നായ് ചേർന്നാൽ വാക്കാം
വാക്കുകൾ ചേർന്നാൽ വാചകമുളവാം.
മോരും മുതിരയുമെന്ന കണക്കിൽ
ചേരാതെന്നുമിരുന്നീടൊല്ല.
വേറേ വേറെയിരുന്നാലുള്ളതി-
ലേറെക്കൂട്ടും ഗുണമൊന്നിച്ചാൽ.

പാഠം 9

# ആനയും തയ്യൽക്കാരനും

മൃഗങ്ങൾക്കു ബുദ്ധിയില്ല എന്നാണു് സാധാരണ വിചാരിച്ചു വരുന്നതു്. മനുഷ്യന്റെ ബുദ്ധിയെപ്പററി ആലോചിച്ചാൽ ഈ വിചാരം ശരിതന്നെ. എന്നാൽ മൃഗങ്ങൾക്കു തീരെ ബുദ്ധിയില്ല എന്നു കരുതുന്നതു് തെററാണു്. എല്ലാ ജന്തുക്കളും ഏതെങ്കിലും തരത്തിൽ വിശേഷമായി ബുദ്ധിസാമർത്ഥ്യം കാണിക്കുന്നുണ്ടു്.

ആനയുടെ ബുദ്ധികൗശലം നമുക്കു പലപ്പോഴും അനുഭവപ്പെടുന്നു. മൃഗങ്ങളിൽ ഏററവും വലുതു് ആനയാണു്; എങ്കിലും വലിപ്പത്തിനു തക്ക ബുദ്ധി അതിനുണ്ടെന്നു പറയാൻ പാടില്ല. എന്നാലും മററു പല മൃഗങ്ങളെക്കാളും ആനയ്ക്കു് ഓർമ്മ കൂടുതൽ ഉണ്ടു്. സ്നേഹിക്കുന്നവർക്കു് ആന ഉപകാരം ചെയ്യും. അതു പോലെതന്നെ ഉപദ്രവിക്കുന്നവരെ ആന വെറുതെ വിടുകയും ഇല്ല.

ഒരു രാജാവിനു് ഒരു കൊമ്പനാന ഉണ്ടായിരുന്നു. അതിനെ അടുത്തുള്ള ഒരു ആററിൽ പതിവായി കുളിപ്പിക്കാൻ കൊണ്ടുപോകും. ആററിലേയ്ക്കുള്ള വഴിയുടെ അരികിൽ ഒരു തയ്യൽക്കട ഉണ്ടായിരുന്നു. ദിവസവും കാണുന്നതുകൊണ്ടു് തയ്യൽക്കാരനും ആനയും തമ്മിൽ ക്രമേണ വലിയ ഇഷ്ടമായി. ആന കടയുടെ മുമ്പിൽ ചെല്ലുമ്പോൾ നിൽക്കും. തയ്യൽക്കാരൻ അതിനു

തിന്നാൻ പഴം കൊടുക്കും. ഇങ്ങനെ കുറേ ദിവസം കഴിഞ്ഞു.

ഒരു ദിവസം തയ്യൽക്കാരൻ ഒരു നേരമ്പോക്കു കാണിക്കാൻ നിശ്ചയിച്ചു. അന്ന് ആനയ്ക്കു കൊടുക്കാൻ പഴം വാങ്ങിയില്ല. ആനവന്ന് പതിവുപോലെ തുമ്പിക്കൈ നീട്ടി. പഴം കൊടുക്കുന്ന ഭാവത്തിൽ



തയ്യൽക്കാരൻ സൂചികൊണ്ടു് ചെറിയ ഒരു കുത്തു കൊടുത്തു. കുത്തുകൊണ്ടു് ആന പെട്ടെന്നു തുമ്പിക്കൈ പിൻവലിച്ചു. ഒരു നിമിഷം പിന്നീടും അവിടെ നിന്നു. പഴം ഇല്ലെന്നു കണ്ടു് അതു് ആററിലേയ്ക്കു നടന്നു.

കുളികഴിഞ്ഞു് ആന തിരിച്ചു. അതു് തുമ്പിക്കൈ നിറയെ വെള്ളം എടുത്തിരുന്നു. കടയുടെ മുമ്പിൽ എത്തിയപ്പോൾ പതിവില്ലാത്തവണ്ണം ആന അവിടെ നിന്നു. തയ്യൽക്കാരന്റെ തലയ്ക്കു് മീതെ വെള്ളം ഊക്കോടെ ഒഴിച്ചുകൊടുത്തു. അയാളുടെ ഉടുപ്പും അയാൾ തയ്ച്ചുകൊണ്ടിരുന്ന തുണികളും നനഞ്ഞുപോയി.

പക വീട്ടിയ സന്തോഷത്തോടെ തയ്യൽക്കാരനെ നോക്കിയിട്ടു് ആന നടന്നു. വേണ്ടാതനത്തിന്റെ ഫലം തയ്യൽക്കാരനു മനസ്സിലായി.

---

പാഠം 10

# ചിലന്തി പഠിപ്പിച്ച പാഠം

സ്കോട്ട്ലൻഡ് എന്നു് ഒരു രാജ്യം ഉണ്ടു്. പണ്ടു് ബ്രൂസ് എന്നു് ഒരു രാജാവു് അവിടം ഭരിച്ചിരുന്നു. ശത്രുക്കൾ ആക്രമിച്ചു് അദ്ദേഹത്തിനു രാജ്യം നഷ്ടപ്പെട്ടു. രാജ്യം വീണ്ടെടുക്കാൻ അദ്ദേഹം വളരെ



ശ്രമിച്ചു. എന്നാൽ ഭാഗ്യക്കേട് അദ്ദേഹത്തെ വിട്ടു പിരിഞ്ഞില്ല. ഏഴുവട്ടം ബ്രൂസ് പടയിൽ തോററു. അദ്ദേഹത്തിൻെറ ഉത്സാഹം നശിച്ചു് നാടുവിട്ടു് ഓടി കാട്ടിൽ ചെന്നു് ഒരു ഗുഹയിൽ ഒളിച്ചു.

ഒരിക്കൽ ബ്രൂസ് പലതും ആലോചിച്ചു കൊണ്ടു് ഗുഹയിൽ ഇരിക്കയായിരുന്നു. ഒരു അററത്തു് നൂലിൽ ഒരു ചിലന്തി തൂങ്ങിക്കിടക്കുന്നതു കണ്ടു. അദ്ദേഹം അതിനെ സൂക്ഷിച്ചുനോക്കി. ഒരു കോണിൽ നിന്നു മറുകോണിലേയ്ക്കു് നൂൽ തൊടുക്കാൻ ചിലന്തി

ശ്രമിച്ചുകൊണ്ടിരുന്നു. ഏഴുവട്ടം അതു ചാടുന്നതു് ബ്രൂസ് കണ്ടു. ഏഴുവട്ടവും മറുകോണിൽ അതു പററിയില്ല. പിന്നെ അതു് എന്തു ചെയ്യാൻ പോകുന്നു എന്നു് അദ്ദേഹം ഉററുനോക്കി. ചിലന്തി തോററു പിൻവാങ്ങിയില്ല. അതു് പിന്നെയും ആഞ്ഞു ചാടി. ആ തവണ അതിനു ജയം കിട്ടി.

അതു കണ്ടു് ബ്രൂസിനു പിന്നെയും ആശ ഉണ്ടായി. തോററിട്ടും പിന്മാറാഞ്ഞതുകൊണ്ടാണു് ചിലന്തിക്കു ജയം ഉണ്ടായതു്. തനിക്കു് ചിലന്തിയോളം ബുദ്ധി ഇല്ല എന്നു് അദ്ദേഹത്തിനു തോന്നി.

ഉടൻ ബ്രൂസ് എഴുന്നേററു. അദ്ദേഹം തിരിച്ചു നാട്ടിൽ ചെന്നു് പ്രജകളെ വിളിച്ചുകൂട്ടി ശത്രുവിനെ എതിരിടാൻ തീർച്ചയാക്കി. ആ യുദ്ധത്തിൽ ബ്രൂസിനു് വിജയം സിദ്ധിച്ചു.

ചിലന്തി പഠിപ്പിച്ച പാഠംകൊണ്ടു് കൈവിട്ട രാജ്യം അദ്ദേഹത്തിനു തിരിയെ കിട്ടി.

## പാഠം 11

# കർമ്മഗീതം

ഒന്നാമത്തെ കുട്ടി:—

ഞാനെന്നും വീട്ടിൽച്ചെന്നാൽ ആനന്ദം-
കലർന്നെന്റെ
വാഴയ്ക്കു വളമിട്ടു വെള്ളം കോരും.
നല്ല തൈവാഴ വച്ചു നല്ലപോൽ വളമിട്ടു
തെല്ലതു സൂക്ഷിച്ചെന്നാൽ പത്തുമാസം-
ചെല്ലുമ്പോൾ കുലച്ചീടും നല്ലൊരു കുല കിട്ടും
ഉല്ലാസമല്ലേ വാഴ കുലച്ചു കാണാൻ!
പൂവനും പടററിയും പാളയൻകോടൻ കണ്ണൻ
ഈ വിധം പല വാഴ വളർത്തിടും ഞാൻ
വാഴവയ്പുപോൽ കൃഷിവേലയിന്നെല്ലാമെനി-
ക്കാനന്ദമധികമായണച്ചീടുന്നു.
(ഞാനെന്നും)

രണ്ടാമത്തെ കുട്ടി:-

വീട്ടിൽ ഞാൻ പോയാൽ പശുക്കുട്ടിയെക്കൂട്ടി-
ക്കൊണ്ടു
കൂട്ടരേ! പോകും തീററാൻ പറമ്പില-
പ്പോൾ

ക്രുത്താട്ടം പശ്ശുക്കട്ടി കൂട്ടിനായുണ്ടെന്നാകിൽ
കൂട്ടുകാരാരും വേണ്ട കളിച്ചീടുവാൻ. 14
പൂവാലിപ്പശുവിന്നു പാലേറെയുണ്ടതിന്റെ
പൂവാലും തളിർമേനിയഴകും മെച്ചം. 16
മാടിനോടെനിക്കേറെക്കൂടുതൽ കൂറുണ്ടെനി-
ക്കാട്ടുകളോട്ടമിഷ്ടം കുറവല്ലോട്ടും 18
(വീട്ടിൽ ഞാൻ)

മൂന്നാമത്തെ കുട്ടി:—

വീട്ടിൽ ഞാൻ ചെന്നാൽ കൊച്ചുചേട്ടനും
ഞാനും നല്ല
റാട്ടുമായ് കൂട്ടമല്ലോ കൂട്ടുകാരേ! 20
കൊച്ചനിയത്തി പഞ്ഞിപിച്ചുടനരിച്ചോക്കി
വച്ചുതന്നീടും നൂലു നൂത്തീടുവാൻ 22
ഞങ്ങളോ നൂലു നൂല്ക്കും, പൊങ്ങീടും റാട്ടിനൊച്ച
അങ്ങനെയുത്സാഹമായ് ഞങ്ങൾ കൂട്ടും. 24
നമ്മളെന്നാളുമോരോന്നിങ്ങനെ തൊഴിൽ ചെയ്തേ
നന്മവന്നീടു നമുക്കോർത്തിടേണം. 26
(വീട്ടിൽ ഞാൻ)

## പാഠം 12

# അതിമോഹം കുടികെടുത്തും

ഒരു ആൾക്കു് വിശേഷപ്പെട്ട ഒരു താറാവു് ഉണ്ടായിരുന്നു. കാഴ്ചയിൽ അതു് സാധാരണ താറാവിനെപ്പോലെതന്നെ ഇരുന്നു. എന്നാൽ അതു് ദിവസം തോറും ഓരോ പൊൻമുട്ട ഇട്ടുവന്നു. അതിൻെറ ഉടമസ്ഥൻ അതുകൊണ്ടു് വളരെ സന്തോഷിച്ചു. അയാൾ മുട്ട വിററു് വളരെ പണം നേടി. അയാളുടെ ഭാഗ്യത്തിൽ എല്ലാവരും അസൂയപ്പെട്ടു.

അങ്ങനെ കുറച്ചുകാലം കഴിഞ്ഞു. ദിവസം ഓരോ മുട്ട കിട്ടുന്നതുകൊണ്ടു് അയാൾക്കു് തൃപ്തിവന്നില്ല, ഒന്നു്, ഒന്നു് എന്നു് എത്രകാലം കാത്തിരിക്കും? ഒരുമിച്ചു് കുറേ പൊൻമുട്ട കിട്ടിയാൽ നാടു മുഴുവൻ സ്വന്തമാക്കാം. നാട്ടിനു നാഥനാകയും ചെയ്യാം. എന്നൊക്കെ ആയി അയാളുടെ മനോരാജ്യം.

ഒടുവിൽ അയാൾക്കു് ഒരു വിദ്യ തോന്നി. ഈ താറാവു് ദിവസവും ഓരോ പൊൻമുട്ട ഇടുന്നുണ്ടല്ലോ. ഇതിൻെറ വയററിൽ അനേകം പൊൻമുട്ടകൾ കാണും. കാത്തിരുന്നു് ഓരോന്നായി എടുക്കേണ്ട ആവശ്യം ഇല്ല. ഇതിൻെറ വയറു കീറിയാൽ എല്ലാ മുട്ടകളും ഒരുമിച്ചു കിട്ടും. ആ വിദ്യതന്നെ നല്ലതു് എന്നു് അയാൾ നിശ്ചയിച്ചു.

അയാളുടെ നിശ്ചയം ഭാര്യയ്ക്കും സമ്മതമായി. ആ സ്ത്രീ പറഞ്ഞു:-"നിങ്ങൾ പറഞ്ഞതുതന്നെ ശരി. ഓരോ മുട്ടകൊണ്ടു് എന്തായി? എനിക്കു് കുറേ ആഭരണങ്ങൾ ഉണ്ടു്. കുട്ടികൾക്കും കുറേ മാലകളും വളകളും ഉണ്ടു്. എന്നാൽ, പൊന്നുകൊണ്ടു് പാത്രങ്ങളും മററും ഉണ്ടാക്കാൻ നമുക്കു് ഇതുവരെയും കഴിഞ്ഞിട്ടില്ല. തങ്കം കൊണ്ടു് ഒരു കട്ടിൽ വേണം എന്നു് എനിക്കു് വളരെ കൊതി ഉണ്ടു്. നമ്മുടെ ഇളയ പെൺകുഞ്ഞിനെ ഒരു തങ്കത്തൊട്ടിലിലിട്ടു്



ആട്ടിയാൽ നന്നല്ലേ? അതുകൊണ്ടു് താറാവിനെ ഇന്നുതന്നെ കീറണം."

ഭാര്യയും ഭർത്താവും കൂടി ആ നിശ്ചയം അന്നു തന്നെ നടപ്പിൽ വരുത്തി. അവർ താറാവിൻെറ വയറു കീറി: അതിൽ കുടൽമാല അല്ലാതെ ഒന്നും കണ്ടില്ല. അവർ മനസ്സിൽ കെട്ടിയ കോട്ടപൊടിഞ്ഞു തകർന്നുപോയി.

---

പാഠം 13

## തെങ്ങ്

തെങ്ങ് നമ്മുടെ കല്പവൃക്ഷമാണു്. അതുപോലെ ഉപകാരമുള്ള വേറൊരു മരം ഇല്ല.

നമ്മുടെ നാട്ടിൽ എവിടെയും തെങ്ങുകൃഷി ചെയ്യുന്നുണ്ടു്. കടലോരങ്ങളിലും കായൽവാരങ്ങളിലും ആണു് അധികമായി തെങ്ങു വളരുന്നതു്. രാജ്യത്തിൻെറ പലഭാഗങ്ങളും തെങ്ങിൻ തോപ്പുകൊണ്ടു നിറഞ്ഞിട്ടുണ്ടു്. തേങ്ങായ്ക്കു് ഇവിടെയും വെളിയിലും ഇപ്പോൾ വളരെ ചെലവുണ്ടു്.

തെങ്ങ് ഒററത്തടിവൃക്ഷമാണു്. അതു് പത്തു പതിനഞ്ചാൾ പൊക്കം വരെ വളരും. അതു് ഉദ്ദേശം നൂറു വർഷത്തോളം നിൽക്കും. വിരിഞ്ഞ ഓലകളും മടലുകളും കൂമ്പും കുലയും വളരെ അഴകുള്ളതാണു്.

ചുവന്ന ശരീരഗാത്രത്തോടു് കാണാൻ വിശേഷിച്ചു ഭംഗി ഉണ്ടു്. അതിന്റെ കുല അലങ്കാരത്തിനു് ഉപയോഗിക്കുന്നു.



തേങ്ങാ പാകി തെങ്ങിൻതൈ കിളിർപ്പിക്കുന്നു. പിന്നീട്ട് കുഴിയെടുത്തു തൈ വയ്ക്കുന്നു. വളർന്നാൽ ഓല തമ്മിൽ മുട്ടാതിരിക്കത്തക്ക അകലത്തിലാണു്

ത്തെ നടേണ്ടതു്. തെങ്ങിനു് വളം ചാമ്പലും ഉപ്പും കുമ്മായവും മററുമാണു്.

തെങ്ങിന്റെ ഇളം കായാണു് കരിക്കു്. കരിക്കിൻ വെള്ളം കുടിക്കാൻ വളരെ നല്ലതാണു്. തേങ്ങാ കൂട്ടാൻവയ്ക്കാൻ ഉപയോഗിക്കുന്നു. തേങ്ങാ ഉണക്കി കൊപ്രയാക്കും. അതു് ചക്കിൽ ആട്ടി വെളിച്ചെണ്ണ എടുക്കുന്നു. വെളിച്ചെണ്ണ പല വിധത്തിൽ ഉപയോഗമുള്ളതാണു്. അതിനു നാൾക്കുനാൾ ആവശ്യം കൂടിവരുന്നു. കൊപ്രയിൽ നിന്നു് വെളിച്ചെണ്ണ എടുത്തതിനുശേഷം ഉള്ളതാണു് പിണ്ണാക്കു്. അതു് കന്നുകാലികൾക്കു നല്ല തീററിയാണു്.

തേങ്ങായ്ക്കു പുറത്തു് തൊണ്ടും, അതിനകത്തു ചിരട്ടയും ഉണ്ടു്. തട്ടാന്മാർ ചിരട്ടക്കരി ഉപയോഗിച്ചാണു് പൊന്നു് ഉരുക്കുന്നതു്.

വിളഞ്ഞ തെങ്ങിന്റെ തടി കെട്ടിടം പണിയാൻ കൊള്ളാം. ഓല മെടഞ്ഞു് പുര മേയുന്നു. തെങ്ങിന്റെ എല്ലാ ഭാഗങ്ങളും വിറകിനു് നല്ലതാണു്.

പാഠം 14

# സാരോക്തികൾ

കണ്ടാലിരക്കുന്ന ജനങ്ങളുണ്ടോ
കപ്പാൻ മടിക്കുന്നു തരം വരുമ്പോൾ
ചെറുപ്പകാലങ്ങളിലുള്ള ശീലം
മറക്കുമോ മാനുഷനുള്ള കാലം. 1
കാരസ്കരത്തിൻകുരു പാലിലിട്ടാൽ
കാലാന്തരേ കയ്പു ശമിപ്പതുണ്ടോ
ഉച്ചൈസ്തു കുത്തിക്കവരുന്ന ദിക്കിൽ
വച്ചേയ്ക്കു നന്നോ ധനധാന്യമെല്ലാം? 2
മുമ്പേ ഗമിച്ചീടിന ഗോവുതൻെറ
പിമ്പേ ഗമിക്കും ബഹുഗോക്കളെല്ലാം
ഒരുത്തനുണ്ടാക്കിന ദുഷ്പ്രവാദം
പരത്തുവാനാളുകളുണ്ടസംഖ്യം 3.

---

പാഠം 15

# തള്ളയെ അനുസരിക്കാത്ത ആട്ടിൻകുട്ടി

ആടിൻെറ പ്രധാനപ്പെട്ട ആഹാരം പച്ചില ആണു്. വെളിസ്ഥലങ്ങളിലും കാടുകളിലും മേയാൻ

ആണ് അതിന് അധികം ഇഷ്ടം. ഇടയന്മാർ ആടുകളെ പററം ചേർത്തു കാടുകളിൽ കൊണ്ടുപോയി തീററുന്നു. കാട്ടുജന്തുക്കളുടെ ശല്യം ഉണ്ടാകാതെ രാത്രിയിൽ അവയെ ആലകളിൽ അടയ്ക്കുകയും ചെയ്യുന്നു.

ഇടയന്മാർ കാട്ടിൽപോകുമ്പോൾ പട്ടികളേയും കൊണ്ടുപോകാറുണ്ട്. അവ ആടുകളുടെ കൂടെ സഞ്ചരിക്കും. ആട്ടിൻകുട്ടികൾ പററം പിരിഞ്ഞു പോയാൽ അവയെ അടുത്തു കൊണ്ടുവരും. കാട്ടിലെ മൃഗങ്ങൾ അവയെ ഉപദ്രവിക്കാതെ സൂക്ഷിച്ചുകൊള്ളും. ആടുകളുടെ രക്ഷയ്ക്കായി അവ രാത്രി ആലയ്ക്കു പുറത്തു ചുററി നടക്കും.

ഒരിക്കൽ ഒരു ആട്ടിൻകുട്ടിക്കു പററത്തിലുള്ള നായ്ക്കളോട് അസൂയ തോന്നി. അതു തള്ളയോടു പറഞ്ഞു:- അമ്മേ! ഈ നായ്ക്കൾ ഇഷ്ടംപോലെ നടക്കുന്നു. നമ്മെ മാത്രം ഇടയൻ ആലയിൽ അടച്ചു കഷ്ടപ്പെടുത്തുന്നു. ഇതു വളരെ സങ്കടമാണ്. ഞാനും ഇഷ്ടംപോലെ നടക്കാൻ പോകയാണ്. ആലയിൽ കിടക്കാൻ എനിക്കു വയ്യ.

ഇതു കേട്ടു തള്ള പറഞ്ഞു:- ഭ്രാന്തക്കുട്ടി! നിനക്കു ഈ ആലോചന എങ്ങനെ വന്നു? ഇടയൻ രക്ഷിച്ചില്ലെങ്കിൽ നമ്മുടെ കഥ എന്താണ്? നിനക്കു പട്ടിയെപ്പോലെ കരുത്ത് ഉണ്ടോ? നായ്ക്കൾ വെളിയിൽ കിടക്കുന്നതു നമ്മെ രക്ഷിക്കാൻ ആണ്. നീ ഒരിക്കലും ആലവിട്ടു പോകരുത്.

ബുദ്ധികെട്ട ആട്ടിൻകുട്ടി തള്ളയുടെ വാക്ക കൂട്ടാക്കിയില്ല. വൈകുന്നേരം ഇടയൻ ആടുകളെ ആലയിൽ അടച്ചപ്പോൾ ആ ആട്ടിൻകുട്ടി വെളിയിൽ ഒളിച്ചുനിന്നു. നിലാവെളിച്ചത്തിൽ ഓടിക്കളിച്ച് അതു ആലയിൽനിന്നും കുറേ ദൂരെ ഉള്ള ഒരു കാട്ടിൽ ചെന്നു. പുതിയ സ്വാതന്ത്ര്യത്തിൽ അതിന് എന്തെന്നില്ലാത്ത സന്തോഷം ഉണ്ടായി.



എന്നാൽ അല്പം കഴിഞ്ഞു അതു് ഒരു ചെന്നായുടെ ശബ്ദം കേട്ടു. ആട്ടിൻകുട്ടി കിടുകിടാ വിറച്ചു. അതിനു് അനങ്ങാൻ കഴിവില്ലാതായി. അതു തള്ളയുടെ വാക്കുകൾ ഓർത്തു. ഇനി എന്താണു് ചെയ്ക?

ആട്ടിൻകുട്ടി അങ്ങനെ സംഭ്രമിച്ചു നില്ക്കുമ്പോൾ ചെന്നായ് അതിന്റെ മേൽ ചാടി വീണു. അതിനെ കടിച്ചെടുത്തു ഗുഹയിലേയ്ക്കു കൊണ്ടുപോകയും ചെയ്തു.

മൂത്തവർചൊല്ലും മുതുനെല്ലിക്കായും
ആദ്യം കയ്ക്കും പിന്നെ മധുരിക്കും

---

പാഠം 16

## സാഹസം

പണ്ടു് ഗൗഡദേശത്തു് ദേവശർമ്മ എന്നു് ഒരു ആൾ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ ഒരു കീരിയെ വളർത്തിവന്നു. സ്വന്തം കുട്ടിയെപ്പോലെ അതിനെ അവർ ലാളിച്ചു. കുഞ്ഞിനു പാലു കൊടുക്കുമ്പോഴെല്ലാം കീരിക്കും പാലു കൊടുക്കും. കീരി ആ കുട്ടിയുടെ കൂടെ കിടന്നു ഉറങ്ങുകയും ചെയ്യും. കീരിക്കു് ആ കുഞ്ഞിനോടും വീട്ടിലുള്ള എല്ലാവരോടും വളരെ ഇഷ്ടം ആയിരുന്നു.

ഒരു ദിവസം ദേവശർമ്മയുടെ ഭാര്യ കുഞ്ഞിനു പാലുകൊടുത്തു ഉറക്കി. വീട്ടുകാര്യങ്ങൾ നോക്കിയിട്ടു്

അവർ കളിക്കാൻ പുറപ്പെട്ടു. കുട്ടിയെ സൂക്ഷിക്കാനായി കീരിയെ അടുത്തു് ആക്കി വാതിൽ അടച്ചുകൊണ്ടു് ആ സ്ത്രീ ആററിലേയ്ക്കു തിരിച്ചു.



അന്നു കൂട്ടുകാർ ഉണ്ടായിരുന്നതുകൊണ്ടു് അവർക്കു് കളിക്കാൻ കുറേ താമസം നേരിട്ടു. കളികഴിഞ്ഞു് അവർ പതുക്കെ തിരിച്ചു വീട്ടിൽ

എത്തി. പടിവാതിൽ കടന്നപ്പോൾ കീരി അവിടെ നോക്കിനിന്നിരുന്നു. അതു പരിഭ്രമിച്ചിരുന്നതുപോലെ തോന്നി. അതിൻെറ മുഖത്തു് ചോര പററിയിരുന്നു. ആ സ്ത്രീയുടെ മനസ്സു നടുങ്ങി. ദുഷ്ടനായ കീരി കുഞ്ഞിനെ കടിച്ചു കൊന്നിരിക്കും എന്നു് അവർ ഭയപ്പെട്ടു. പാപി! കുഞ്ഞിനെ കൊന്നിട്ടു് ഇവൻ ജനലിൽക്കൂടെ വെളിയിൽ ചാടിക്കടന്നു നില്ക്കയാണു്. കീരിക്കു പാലു കൊടുത്തതു പാമ്പിനു പാലുകൊടുത്തതുപോലെ ആയി. "ഞാൻ ഇവൻെറ കഥ കഴിക്കും" എന്നു പറഞ്ഞുകൊണ്ടു് അവർ ഒരു വലിയ കല്ലു് എടുത്തു് കീരിയുടെ പുറത്തു് ഇട്ടു. പാവം കീരി ഞെരിഞ്ഞുപോയി.

കുട്ടിയെ കാണാനായി ആ സ്ത്രീ പെട്ടെന്നു് വീട്ടിനുള്ളിൽ കയറി. അവിടെ കണ്ട കാഴ്ചകൊണ്ടു് അവരുടെ ഉള്ളു തകർന്നുപോയി. കുഞ്ഞു് അപ്പോഴും സുഖമായി കിടന്നു് ഉറങ്ങുന്നു. അടുത്തു് ഒരു തടിയൻ പാമ്പു ചത്തുകിടന്നിരുന്നു. കീരിയുടെ കടി ഏററു് അതിൻെറ തല അററിരുന്നു. അവിടെ ധാരാളം ചോരയും ചിന്തിക്കിടന്നു.

ആ സ്ത്രീ വളരെ സങ്കടപ്പെട്ടു. കാര്യം വേണ്ടതുപോലെ അറിയാതെ പ്രവർത്തിച്ചാൽ ആപത്താണു് ഫലം എന്നു മനസ്സിലായി.

പാഠം 17

## കേരളഗാനം

എന്നുടെ ദേശം കേരളദേശം
മന്നിനു പൊട്ടായ് വിലസും ദേശം
സഹ്യൻകോട്ട ചമച്ചൊരു ദേശമ-
റേബ്യൻകടൽ കാത്തിടും ദേശം.
വമ്പെഴുമനവധി കായലുമാറും
പൊൻപാടങ്ങളുമാർന്നൊരു ദേശം.
കടലോരങ്ങളുമിടനാടുകളും
മലവാരങ്ങളുമുള്ളൊരു ദേശം.
തെങ്ങിൻതോപ്പും തേന്മാവുകളും
ഭംഗിയിൽ വിലസും നല്ലൊരു ദേശം.
പുണ്യം പുലരും തീർത്ഥസ്ഥാന-
മനേകം ചേർന്നു ലസിക്കും ദേശം.
ഹൈന്ദവർ മുസ്ലീം ക്രിസ്ത്യാനികളും
ചേർന്നൊരുമിച്ചൊട്ടു വാഴും ദേശം
കാവുകൾ കളരികൾ കോവിലു പള്ളികൾ
താവും പുണ്യപുരാതനദേശം.
ചേരന്മാർ തളിയാതിരിമാരും
പേരേറും പെരുമാക്കന്മാരും

നേരും നെറിയും പുലരും വണ്ണം
പാരം കാത്തു പുലർത്തിയ ദേശം. 20
എന്നുടെ ദേശം കേരളദേശം
മന്നിനു പൊട്ടായ് വിലസണമെന്നും. 22

---

## പാഠം 18


# കന്യാകുമാരി

കന്യാകുമാരിയെപ്പററി നിങ്ങൾ പലരും കേട്ടിരിക്കും. അതു് നമ്മുടെ രാജ്യത്തിന്റെ തെക്കേ അററം ആണു്; അതിന്റെ കിഴക്കും തെക്കും പടിഞ്ഞാറും കടൽ കിടക്കുന്നു. കടലിലേയ്ക്കു് ഉന്തിക്കിടക്കുന്നതിനാൽ അവിടം ഒരു മുനമ്പു് ആണു്.

തിരുവനന്തപുരത്തുനിന്നു തെക്കോട്ടുള്ള റോഡുവഴി കന്യാകുമാരിക്കു പോകാം. ഈ റോഡു് നാഗർകോവിൽ കടന്നാണു പോകുന്നതു്. തിരുവനന്തപുരം തൊട്ടു് നാഗർകോവിൽവരെ റോഡു് സിമൻറു് ഇട്ടു് ബലപ്പെടുത്തിയിരിക്കുന്നു. കന്യാകുമാരിയിലേയ്ക്കു് മോട്ടാർബസ്സുകൾ ധാരാളമായി ഓടുന്നുണ്ടു്.

കന്യാകുമാരി വളരെ ഭംഗിയുള്ള സ്ഥലമാണു്. കടൽത്തീരത്തു് അവിടെ പല പാറകളും ഉന്തി നിൽക്കുന്നു. ആ പാറകളിൽ തിര ഊക്കോടെ

അടിച്ച് വെള്ളം പതഞ്ഞു തെറിക്കും. അതു കാണാൻ വളരെ രസമായിരിക്കും. അവിടത്തെ കടൽത്തീരവും വിശേഷപ്പെട്ടതാണ്. പല നിറത്തിലും തരത്തിലും ഉള്ള മണലുകൾ അവിടെ ഉണ്ട്. ചിലതു നെല്ലരി പോലെ ഇരിക്കും. ഇളം ചുവപ്പുനിറത്തിലും മണൽ



ഉണ്ട്. പല ആകൃതിയിലുള്ള കക്കകളും ചിപ്പികളും ശംഖുകളും കടലോരത്തു ധാരാളമായി കാണാം. ചെറിയ ശംഖുകൾ കൊണ്ടു കോർത്ത മാലകൾ അവിടെ കിട്ടും. അവിടെ ചെല്ലുന്നവർ വിശേഷപ്പെട്ട

മണാല്പകളും ശംഖുമാലകളും വാങ്ങിച്ചു കൊണ്ടു പോകാറുണ്ടു്.

കന്യാകുമാരി ഹിന്ദുക്കളുടെ ഒരു പുണ്യസ്ഥലം ആണു്. വളരെ പുരാതനമായ ഒരു ക്ഷേത്രം അവിടെ ഉണ്ടു്. കുമാരിദേവി ആണു് അവിടെ പ്രതിഷ്ഠ. ഭഗവതിയുടെ പേരാണു് ആ സ്ഥലത്തിനു കിട്ടിയിട്ടുള്ളതു്. ക്രിസ്ത്യാനികളുടെ ഒരു പഴയ പള്ളിയും അമ്പലത്തിനു് അടുത്തു് ഉണ്ടു്

കന്യാകുമാരി ഒരു സുഖവാസസ്ഥലം ആണു്, അവിടെ കടലിൽ നിന്നു് അടിക്കുന്ന കാററു് എല്ലാവർ വളരെ സുഖമുള്ളതാണു്. ആരോഗ്യത്തിനു വേണ്ടി അവിടെ പലരും ചെന്നു താമസിക്കും. അവിടത്തെ സൂര്യോദയവും അസ്തമയവും കാണാൻ വളരെപ്പേർ പോകാറുണ്ടു്. കിഴക്കും പടിഞ്ഞാറും വശങ്ങളിൽ കടൽ ആണല്ലോ അതുകൊണ്ടു് അവിടെ നിന്നാൽ സൂര്യൻ കടലിൽ നിന്നു് ഉദിക്കുന്നതും കടലിൽത്തന്നെ അസ്തമിക്കുന്നതും കാണാം. അതു വളരെ നല്ല ഒരു കാഴ്ചയാണു്. അതുപോലെതന്നെ ആണു് വെളുത്ത വാവിൻനാളിൽ അവിടത്തെ ചന്ദ്രോദയവും.

മുമ്പു് ആ സ്ഥലം മീൻ പിടിത്തക്കാർ താമസിച്ചിരുന്ന ഒരു ഗ്രാമം ആയിരുന്നു. ഇപ്പോൾ അവിടെ പല പരിഷ്കാരങ്ങളും ഏർപ്പെടുത്തീട്ടുണ്ടു്. ദൂരെനിന്നു ചെല്ലുന്നവർക്കു താമസിക്കുവാൻ സത്രങ്ങളും ഹോട്ടലുകളും ഉണ്ടു്. കന്യാകുമാരി കാണ്മാൻ പല രാജ്യങ്ങളിൽ നിന്നും ധാരാളമായി ആളുകൾ വരുന്നുണ്ടു്.

## പാഠം 19

# സൂര്യൻ


ഇരുൾ മാററി നമുക്കെന്നും
പുരു സൌഖ്യമിയററിടാൻ
ഒരുനാളും മുടങ്ങാതെ
വരുമാദിത്യനെത്തൊഴാം. 1

കിളി പാടും വെളുക്കുമ്പോൾ
കുളിർകാററു ചരിച്ചിടും
തളിരും മലരും ചൂടും
തരുവും നൃത്തമാടിടും 2

തെളിയും പൂർവ്വദിക്കപ്പോൾ
ഒളിയെങ്ങും പരന്നിടും.
വെളിവായ് ജീവജാലങ്ങൾ
വിളയാടാൻ തുടങ്ങിടും. 3

ഉലകിൻ ഭംഗിയെല്ലാം താൻ
പകലിൻ സൃഷ്ടി മാത്രമാം
പകലോ കതിരോൻ നൽകും
മികവാർന്നോരനുഗ്രഹം. 4

പൂക്കൾക്കു നിറമേകീടും
കായ്കളെക്കനിയാക്കിടും
ചൂടും വെളിച്ചവും തന്നു
കൂട്ടും സൗഖ്യമിയററിടും. 5



പൂക്കളും തരുവും പുല്ലും
ജീവജാലങ്ങളൊക്കെയും
ഓർക്കുകിൽ സൂര്യദേവന്റെ
ശക്തിയാൽ നിലനില്പതാം. 6
എങ്ങെങ്ങു ജലമുണ്ടെന്നാ-
ലങ്ങെടുത്താവിയാക്കിടും;

മങ്ങാതെ മഴപെയ്യിക്കു-
മിങ്ങു നന്മ വിളഞ്ഞിടാൻ. 7
കിഴക്കെന്നുമുദിച്ചീടും
പടിഞ്ഞാറസ്തമിച്ചിടും
ക്ഷണവും നേരനീക്കം വ-
ന്നണയാ; നിശ്ചയമദ്ഭുതം. 8
ലോകത്തിൻ ജീവനായേവം
ശോഭിച്ചീടും ദിവാകരൻ
കാണുമാറായ ദൈവം താൻ
നാമെന്നും താണുകുപ്പണം. 9

---

പാഠം 20

## കൊല്ലൻ

പെൻസിൽ വെട്ടാൻ പേനാക്കത്തി വേണം. വീട്ടിൽ മലക്കറി അരിയുന്നതു് കറിക്കത്തികൊണ്ടു് ആണു്. വൃക്ഷങ്ങൾ വെട്ടാനും മുറിക്കാനും വെട്ടുകത്തിയും കോടാലിയും ആവശ്യമാണു്. കെട്ടിടം പണിയുന്നതിനും, കട്ടിലും മറവും ഉണ്ടാക്കുന്നതിനും ഉളികൂടാതെ കഴികയില്ല. തടി അറുക്കുന്നതിനു വാളുവേണം. കല്ലുവേല ചെയ്യുന്നവർക്കു കല്ലുളിയും കരണ്ടിയും കൂടിയേ തീരൂ. പല പണികൾക്കും ആണിയും കൊളുത്തുകളും ഒഴിച്ചുകൂടാത്തതാണു്.

വീടു പൂട്ടാൻ പൂട്ടും താക്കോലും വേണം. ഇങ്ങനെ ഇരുമ്പുകൊണ്ടുള്ള സാമാനങ്ങൾ പല കാര്യങ്ങൾക്കും അത്യാവശ്യമാണു്.

ഇരുമ്പുപണിക്കാരെ കൊല്ലന്മാർ എന്നു പറയുന്നു. നിങ്ങളുടെ വീട്ടിനു് അടുത്തു കൊല്ലൻെറ ആല ഉണ്ടോ? കൊല്ലൻ ഇരുമ്പുപണി ചെയ്യുന്നതു ചെന്നു നോക്കണം. തീയിൽ ഇട്ടു നല്ലവണ്ണം ചുട്ടു



പഴുപ്പിച്ചാണ് ഇരുമ്പു പണി ചെയ്യുന്നതു്. കൊല്ലന്റെ ഉല കാണേണ്ടതാണ്. തോൽകൊണ്ടുള്ള തുരുത്തിവച്ചാണ് അയാൾ ഉല ഊതുന്നതു്. ഉലയിൽ തീ കത്തിക്കാൻ കരിക്കട്ട ഉപയോഗിക്കുന്നു. ഇരുമ്പുകഷണം ഉലയിൽവച്ചു് നന്നായി ഊതും. ഇരുമ്പു പഴുക്കുമ്പോൾ ചുവന്നു തീക്കനൽപോലെ ആകും. പിന്നെ അതു കൊടൽകൊണ്ടു് എടുത്തു് അടകല്ലിൽ വയ്ക്കും. ചുററികകൊണ്ടോ കൂടം കൊണ്ടോ അടിച്ചു വേണ്ടവിധത്തിൽ പണിചെയ്യും. അരംകൊണ്ടു രാകിയാണ് ഇരുമ്പുസാമാനങ്ങൾ മിനുസപ്പെടുത്തുന്നതു്. കത്തികൾക്കു മൂർച്ച ഉണ്ടാക്കാനും അരം ഉപയോഗിക്കും.

എല്ലാ തൊഴിലുകാർക്കും കൊല്ലന്റെ സഹായം ആവശ്യമാണ്. കൃഷിക്കാരനു കലപ്പയും കൊഴു കൂടാതെ കഴികയില്ല. മൺവെട്ടിയും കുന്താലിയും വേണം. വെട്ടുകത്തിയും അരിവാളും ആവശ്യമാണ്. ആശാരിക്കും മൂശാരിക്കും വേണ്ട ഉപകരണങ്ങളും കൊല്ലൻ തന്നെ ഉണ്ടാക്കുന്നു. പടയാളിക്കു വാളും കുന്തവും ഉണ്ടാക്കുന്നതും അയാൾ തന്നെ.

ഇരുമ്പുപണി ഇന്നു ചെറിയ ആലകളിൽ മാത്രമല്ല നടത്തുന്നതു്. വലിയ യന്ത്രങ്ങൾകൊണ്ടും ഇരുമ്പുപണി നടത്തുന്നുണ്ടു്.

# വെള്ളം കൊണ്ടു കിട്ടിയതു വെള്ളത്തിൽ

ഒരു പട്ടണത്തിൽ ഒരു പാൽക്കച്ചവടക്കാരൻ ഉണ്ടായിരുന്നു. പാലുവിററു് അയാൾ ജീവിതം കഴിച്ചു വന്നു. പാലിൽവെള്ളം ചേർത്തു വിൽക്കുക അയാളുടെ പതിവു് ആയിരുന്നു. ഇങ്ങനെ അയാൾ കുറെ പണം ഉണ്ടാക്കി.

ഒരു ദിവസം അയാൾ പശുക്കളെ വാങ്ങിക്കാൻ പുറപ്പെട്ടു. അതിനു് ആയിരം രൂപ കൈയിൽ എടുത്തിരുന്നു. പൊതിച്ചോറും കൊണ്ടു് ചന്തയിലേയ്ക്കു യാത്രയായി.

പകുതിവഴി ചെന്നപ്പോൾ ക്ഷീണം തീർക്കാനായി അയാൾ ഒരു മരത്തണലിൽ ഇരുന്നു. ആഹാരം കഴിച്ചിട്ടു് യാത്ര തുടരാം എന്നു് അയാൾ വിചാരിച്ചു. പണസ്സഞ്ചിയും പൊതിച്ചോറും തണലിൽ വച്ചു. കൈകാൽ കഴുകാനായി അടുത്തു് ഉണ്ടായിരുന്ന ആററിൽ ഇറങ്ങി.

ആ തക്കത്തിനു മരത്തിൽനിന്നു് ഒരു കുരങ്ങു് താഴെ ഇറങ്ങിവന്നു. പണസ്സഞ്ചിയും പൊതിച്ചോറും തൂക്കിയെടുത്തു തിരിച്ചും മറിച്ചും നോക്കി. തിന്നാനുള്ളവക കിട്ടി എന്നു് അതിനു് മനസ്സിലായി

ഒരു നിമിഷത്തിനുള്ളിൽ സഞ്ചിയും ചോറും കൊണ്ടു കുരങ്ങ് മരത്തിന്റെ മുകളിൽ എത്തി.

എന്തു ചെയ്യണം എന്ന് അറിയാതെ പാൽക്കാരൻ നോക്കിനിന്നു. കുരങ്ങ് പൊതി അഴിച്ച് പതുക്കെ ഊണു തുടങ്ങി. ചോറു പോകട്ടെ, പണം



കിട്ടിയാൽ മതി എന്നു വിചാരിച്ച് പാൽക്കാരൻ നെഞ്ചിൽ കൈവച്ചു. കുരങ്ങ് ഊണു കഴിച്ച് ഇല നക്കിത്തുടച്ച് ചെറുതായി കീറി താഴെ എറിഞ്ഞു.

കുരങ്ങ് പണം വെള്ളത്തിൽ ഇട്ടേയ്ക്കുമോ എന്നു പാൽക്കാരൻ ഭയപ്പെട്ടു. അയാൾ മരത്തിൽ വലിഞ്ഞു കയറാൻ നോക്കി. അപ്പോഴേയ്ക്കും കുരങ്ങ് സഞ്ചി വലിച്ചുകീറി. അയാൾ കല്ലെടുത്ത് കുരങ്ങിൻെറ നേരെ എറിഞ്ഞു. പണം തിരിച്ചെറിയും എന്ന് ആയിരുന്നു അയാളുടെ വിചാരം. കുരങ്ങ് പല്ലിളിച്ച് കീ, കീ എന്നു ശബ്ദം ഉണ്ടാക്കി, അതു കുറേ നാണയങ്ങൾ എടുത്ത് പാൽക്കാരൻെറ നേരേ വലിച്ചെറിഞ്ഞു. അയാൾ സന്തോഷിച്ചു. ഒന്നു കൂടെ എറിഞ്ഞാൽ ശേഷം പണവും തിരിച്ചുകിട്ടും എന്ന് അയാൾ വിചാരിച്ചു. അയാൾ കുരങ്ങിനെ വീണ്ടും എറിഞ്ഞു. അപ്പോൾ കുരങ്ങ് ശേഷം പണം സഞ്ചിയോടെ ആററിലെ കയത്തിൽ ഇട്ടുകളഞ്ഞു.

കച്ചവടക്കാരൻെറ ആശ തകർന്നു. കരയ്ക്കു വീണ കുറച്ചു പണം മാത്രം അയാൾക്കു കിട്ടി. വെള്ളം കൊടുത്തു നേടിയ പണം വെള്ളത്തിലും പോയി.

---

പാഠം 22

# നീതിവാക്യങ്ങൾ

പലരോടും നിനയാതെ ഒരു കാര്യം തുടങ്ങൊല്ല,
പണം മോഹിച്ചൊരുത്തനെച്ചതിച്ചീടൊല്ല. 2
അറിവുള്ള ജനങ്ങളോടെതിർപ്പാനും നിനയ്ക്കൊല്ല,
അരചനെ കെടുത്തൊന്നും പറഞ്ഞീടൊല്ല. 4

ഗുരുനാഥനരുൾചെയ്താലെതിർവാക്ക പറകൊല്ല,
മരണമുണ്ടെന്നുള്ളതൊരിക്കലും മറക്കൊല്ല.
അറിവുള്ള ജനം ചൊന്ന വചനത്തെ മറക്കൊല്ല,
അറിവില്ലാത്തവർ പിമ്പേ നടന്നീടൊല്ല.
വിളഭൂമികൊടുത്തിട്ടാഭരണങ്ങൾ ചമയ്ക്കൊല്ല,
വിവേകം കൈവെടിഞ്ഞൊന്നും നടന്നീടൊല്ല.
എളിയവരോടുചെന്നു മദഭാവം തുടങ്ങൊല്ല,
ഇരന്നപൊന്നണിഞ്ഞേററം ഞെളിഞ്ഞീടൊല്ല.

---

പാഠം 23


# നെൽകൃഷി

നമ്മുടെ പ്രധാനമായ ആഹാരസാധനം നെല്ലരിയാണു്. നമ്മുടെ രാജ്യത്തിൻെറ എല്ലാ ഭാഗങ്ങളിലും നെല്ല് കൃഷി ചെയ്യുന്നു. എന്നാൽ നെല്ല് അധികം വിളയുന്നതു് നാഞ്ചിനാട്ടും ചിററൂരും ആണു്.

നെല്ല കൃഷി ചെയ്യുന്നതു് വയലുകളിൽ ആണു്. വയലിനു് പാടം എന്നും ഏലാ എന്നും പേരുണ്ടു്. പാടങ്ങൾ താണപ്രദേശങ്ങൾ ആണു്. അവിടെ വെള്ളം സാധാരണ കാണും. അതു് നെൽകൃഷിക്കു് നല്ലതും ആണു്.

പല സ്ഥലങ്ങളിലും നെല്ലിന്റെ വിളവു് പല തരത്തിലാണു്. അധികം സ്ഥലത്തും പത്തു മേനിയോളം കിട്ടും. അതായതു് ഒരു പറ വിത്തു വിതച്ചാൽ പത്തു പറയോളം വിളവു കാണും

ഇവിടെ മൂന്നു തരം നിലങ്ങൾഉണ്ടു്. ചിലതു. രണ്ടു കൊല്ലത്തിൽ ഒരിക്കൽ മാത്രം കൃഷിചെയ്യുന്നു് അത്തരം നിലങ്ങൾ കുട്ടനാട്ടാണു് അധികം



ഉള്ളതു്. ആണ്ടിൽ ഒരു തവണ കൃഷിചെയ്യുന്ന നിലങ്ങളെ ഒരുപ്പൂനിലങ്ങൾ എന്നു പറയും. രണ്ടുവട്ടം കൃഷിചെയ്യുന്ന നിലങ്ങളെ ഇരുപ്പൂ നിലങ്ങൾ എന്നു വിളിക്കുന്നു. ചിങ്ങത്തിലും മകരത്തിലും ആണു് ഇരുപ്പൂനിലങ്ങൾ കൊയ്യുന്നതു്. നാഞ്ചിനാട്ടു് അധികവും ഇരുപ്പൂനിലങ്ങൾ ആണു്.

കുട്ടനാട്ടുള്ള നിലങ്ങൾ മുഴുവനും മഴക്കാലത്തു് വെള്ളം കേറി മുങ്ങും. പമ്പ മുതലായ ആറുകളിലെ വെള്ളപ്പൊക്കം ആണു് ഇതിനു കാരണം. ആറുവെള്ളത്തിൽ ഒഴുകിവരുന്ന എക്കൽ ആ നില ങ്ങൾക്കു് നല്ല വളം ആണു്. വൃശ്ചികമാസത്തോടെ അവിടെ കൃഷി തുടങ്ങും. യന്ത്രം വച്ചു വെള്ളം വററിച്ചു് വരമ്പുകുത്തി ആണു് കൃഷിചെയ്യുന്നതു്. അവിടത്തെ പുഞ്ചക്കൃഷി പ്രസിദ്ധമാണു്.

നാഞ്ചിനാട്ടു് മഴ കുറയും. അവിടെ കൃഷിക്കു് തോടുവഴി വെള്ളം കൊണ്ടുവരേണ്ടിയിരിക്കുന്നു. കോതയാററിൽ പേച്ചിപ്പാറ എന്ന സ്ഥലത്തു് അണ കെട്ടിയാണു് നാഞ്ചിനാട്ടു് വെള്ളം കൊണ്ടുവരുന്നതു്.

നെൽക്കൃഷി പ്രധാനമായി രണ്ടു തരത്തിലുണ്ടു്. വിത്തു വിതയ്ക്കുന്നതും, നുള്ളിയിടുന്നതും മററും ഒരുതരം. വിത്തു പാകി ഞാറാക്കി പറിച്ചു നടുന്നതു് മറെറാരു തരം. മൂന്നുനാലുമാസംകൊണ്ടു വിളയുന്ന വിത്തുകൾ വിതയ്ക്കുകയും നുള്ളിയിടുകയുമേ ചെയ്യാറുള്ളു. വിളയാൻ കൂടുതൽ കാലം വേണ്ട നെല്ലുകൾ പാകിപ്പറിച്ചു നടുന്നു.

നെല്ലിനു വളം ചാണകവും പച്ചിലയും മററും ആണു്. നെൽക്കൃഷിക്കു് വെള്ളക്കേട്ടും കരിവും കൊണ്ടു് ദോഷം വരും. ചിലതരം കിളികളും ചാഴികളും വിളവു നശിപ്പിക്കും. ചാഴി വീണാൽ നെല്ലു് അധികവും പതിരു് ആയിപ്പോകും

---

പാഠം 24

# മഹാബലി

പണ്ടു് മഹാബലി എന്നു പേരായ ഒരു അസുരചക്രവർത്തി ഉണ്ടായിരുന്നു. അസുരന്മാരുടെ താമസം പാതാളത്തിൽ ആണു്. അവർക്കു് ദേവന്മാരോടു തുടർച്ചയായി യുദ്ധം ഉണ്ടായിരുന്നു. മഹാബലി ദേവന്മാരെ തോൽപ്പിച്ചു് സ്വർഗ്ഗം പിടിച്ചടക്കി. അദ്ദേഹം സ്വർഗ്ഗവും പാതാളവും ഭൂമിയും അടക്കി വാണു.

മഹാബലിയുടെ കാലത്തു് ജനങ്ങൾക്കു് ഒരു ദുഃഖവും ഉണ്ടായിരുന്നില്ല. കള്ളവും ചതിയും നാട്ടിൽ നിന്നു് മറഞ്ഞു. അദ്ദേഹത്തിന്റെ പേരിൽ ജനങ്ങൾക്കു് ഭക്തി നാൾക്കുനാൾ ഏറിവന്നു. എങ്കിലും ദേവന്മാർ അദ്ദേഹത്തോടു പകവീട്ടാൻ എപ്പോഴും തക്കം നോക്കിക്കൊണ്ടിരുന്നു.

മഹാബലി ഒരിക്കൽ ഒരു യാഗം ആരംഭിച്ചു. യാഗത്തിനു ചെന്നവർക്കു് ആഗ്രഹമുള്ളതെല്ലാം അദ്ദേഹം കൊടുത്തു. ഒരു ദിവസം ഒരു ബ്രാഹ്മണ കുമാരൻ യാഗശാലയിൽ ചെന്നു. ആ കുട്ടിക്കു് പ്രായത്തിനു തക്ക പൊക്കം ഇല്ലായിരുന്നു. അതുകൊണ്ടു് അദ്ദേഹത്തെ വാമനൻ എന്നു വിളിച്ചിരുന്നു. ആ കുമാരന്റെ തേജസ്സ് എല്ലാവർക്കും അദ്ഭുതം ഉണ്ടാക്കി.

മഹാബലി വാമനനെ വേണ്ടപോലെ പൂജിച്ചു. പിന്നീട് ഇങ്ങനെ ചോദിച്ചു:—

അങ്ങേയ്ക്കു് എന്താണു വേണ്ടതു്? ഇഷ്ടമുള്ളതു് ചോദിച്ചുകൊള്ളാം.

വാമനൻ:—മഹാരാജാവേ! എനിക്കു് മൂന്നു് അടി സ്ഥലം തരണം; ഇരുന്നു തപസ്സു ചെയ്യാനാണു്.

നിസ്സാരമായ ഈ അപേക്ഷ കേട്ടു് മഹാബലി പറഞ്ഞു:—ഇത്ര ചെറിയ കാര്യമേ ചോദിക്കാനുള്ളോ?

വാമനൻ:—മഹാനായ അവിടുത്തേക്കു് എന്തും തരാൻ കഴിയും. എങ്കിലും എനിക്കു് ഇത്രയും മതി. ഇരുന്നു തപസ്സുചെയ്യണം, എന്നേ ആഗ്രഹമുള്ളൂ.

മഹാബലി:—എന്നാൽ ഇഷ്ടംപോലെ ആകട്ടെ.

മഹാബലി നീരും പൂവും വീഴ്ത്തി ദാനം ചെയ്യാൻ ഭാവിച്ചു. അപ്പോൾ അദ്ദേഹത്തിന്റെ ഗുരുവായ ശുക്രൻ ഇങ്ങനെ അറിയിച്ചു:—

മഹാരാജാവേ! ഈ കുട്ടി ആരാണെന്നു മനസ്സിലായോ? മഹാവിഷ്ണുവിന്റെ അവതാരം ആണു്. ഇവിടെ വന്നിരിക്കുന്നതു് ദേവന്മാർക്കു ജയം നേടിക്കൊടുക്കാനാണു്. ഇദ്ദേഹത്തിനു് ദാനം ചെയ്യരുതു്. ദാനം ചെയ്താൽ ചതിവു പററാൻ ഇടയാകും.

മഹാബലി:— കൊടുക്കാമെന്നു പറഞ്ഞതു് ഞാൻ കൊടുക്കാതിരിക്കയില്ല.



എന്നു പറഞ്ഞു് വാമനൻെറ കൈയിൽ, ദാനം ചെയ്യാൻ വെള്ളം വീഴ്ത്തി. പെട്ടെന്നു് വാമനൻെറ ആകൃതി മാറി. അദ്ദേഹം ആകാശംമുട്ടെ വളർന്നു, ഒരു ചുവടുകൊണ്ടു് ഭൂമിയും കീഴിലുള്ള ലോകങ്ങളും അളന്നെടുത്തു. രണ്ടാമത്തെ ചുവടുകൊണ്ടു് മുകളിൽ ഉള്ള ലേകങ്ങളെയും അളന്നു. മൂന്നാമത്തു് അളക്കാൻ സ്ഥലം ഇല്ലാതായി. അപ്പോൾ വാമനൻ ബലിയോടു ചോദിച്ചു:-

മൂന്നാമത്തെ അടിക്കു സ്ഥലം എവിടെ?

മഹാബലി:—മൂന്നാമത്തെ അടി എൻെറ തലയിൽവച്ചു് അവിടുന്നു് എന്നെ അനുഗ്രഹിക്കണം.

മൂന്നു ലോകവും അടക്കിവാണ ആ ചക്രവർത്തി തലകുനിച്ചുനിന്നു. വാമനൻ ബലിയുടെ തലയിൽ പാദം വച്ചു. വാമനൻെറ അനുഗ്രഹത്തോടുകൂടി ബലി പാതാളത്തിലേയ്ക്കു താണു.

അന്നു തുടങ്ങി ആണ്ടിലൊരിക്കൽ മഹാബലി ഭൂലോകം കാണാൻ എഴുന്നെള്ളും എന്നു ജനങ്ങൾ വിശ്വസിക്കുന്നു. അദ്ദേഹത്തിൻെറ വരവു് ഓർത്താണു നാം ഓണം കൊണ്ടാടുന്നതു് എന്നു പറഞ്ഞുപോരുന്നു.

ചക്രവർത്തി എന്ന മേന്മ മഹാബലിക്കുണ്ടു്. എന്നാൽ സത്യം പാലിച്ചതുകൊണ്ടു് അദ്ദേഹത്തിനുണ്ടായ താഴ്മയാണു് അതിലും വലുതു്.

## പാഠം 25

# ഓണം

ചിങ്ങം പിറന്നല്ലോ പൊന്നു ചിങ്ങം
ചിങ്ങം തിരുവോണമാസമല്ലോ.
എങ്ങും മലയാളദേശത്തിപ്പോൾ
പൊങ്ങും കുരവയും പാട്ടുകളും.
പൊന്നാണി മുക്കുറ്റിപ്പൂവിരിഞ്ഞു
എങ്ങും നമുക്കത്തപ്പൂവിടേണം
രാവിലെ തന്നെ കുളിച്ചിടേണം
പൂവിടാൻ നേരം പുലർന്നുകൂടാ.
മാവേലി വന്നീടും മാസമല്ലോ
ആവോളം മോടികൾ കൂട്ടിടേണം.
അത്തം തുടങ്ങിയാൽ പത്തു നാളേ-
യ്യൊത്തുകളിച്ചു തകർത്തിടേണം.
പന്തു കളിക്കണം തുമ്പി തുള്ളൽ
ചന്തത്തിൽ വേണം കരടിയാട്ടം.
ഊഞ്ഞാലിലാടണം പാടിടേണം
മഞ്ഞപ്പുടവയുടുത്തിടേണം.
എങ്ങുമഴലിൻ നിഴലുപോലും
തങ്ങാത്ത പൊന്നോണക്കാലമല്ലോ.

മാവേലി വാണൊരു കാലത്തെപ്പോൽ
ആമോദമെങ്ങുമുയന്നിടേണം.
പൊന്നും തിരുവോണനാൾ പിറന്നാൽ
അന്നുള്ളോരാനന്ദം ചൊന്നിടാമോ?
ചിങ്ങം പിറന്നല്ലോ പൊന്നുംചിങ്ങം
ചങ്ങാതിമാരേ! വരിൻ കളിക്കം.

---

## പാഠം 26

# ആർക്കും നന്മനേടാം

സയാം എന്നൊരു ചെറിയ രാജ്യം ഉണ്ടു്. അവിടെ ഒരു ഗ്രാമത്തിലാണു് ചിയാങ്ങ് പിറന്നതു്. അവൻ മുടന്തനായിരുന്നു. അവന്റെ അമ്മയ്ക്കും അച്ഛനും വളരെ വ്യസനം തോന്നി.

തന്റെ ഗൃഹത്തിലിരുന്നു്, ബാല്യത്തിൽ ചിയാങ്ങ് എഴുതാനും വായിക്കാനും പഠിച്ചു. തനിയേ നടക്കാനുള്ള കഴിവു് അവനുണ്ടായിരുന്നില്ല. തന്റെ നാടിനുവേണ്ടി എന്തെങ്കിലും ചെയ്യണമെന്നു് അവനു തോന്നി. എന്നാൽ ഒരു മുടന്തനു് എന്താണു ചെയ്യുവാൻ കഴിയുന്നതു്?

അയൽക്കാരനായ ഒരു ബാലൻ അച്ഛനെ സഹായിക്കാൻ വയലിലേയ്ക്കു പോകുന്നതു് ചിയാങ്ങ് കണ്ടു. ചിയാങ്ങിന്റെ അച്ഛനും കൃഷിക്കാരനായിരുന്നു.

മുടന്തനായ അവൻ എങ്ങനെ പിതാവിനെ സഹായിക്കും? അവന്ന് അതു വിചാരിക്കുമ്പോൾ കണ്ണിൽ വെള്ളം നിറഞ്ഞിരുന്നു.

അയൽപക്കത്തെ വീട്ടിലെ ഒരു കുട്ടി പട്ടാളത്തിൽ ചേർന്നു. ശത്രുക്കൾ നാട്ട് ആക്രമിച്ചാൽ അവൻ നാടിനുവേണ്ടി പടവെട്ടും. ഒരു മുടന്തനെ ആരെങ്കിലും സൈന്യത്തിൽ ചേർക്കുമോ?

ഒരു ദിവസം ചിയാങ്ങ് നിരങ്ങി നിരങ്ങി പാതയിൽ എത്തി. ധാരാളം ആളുകൾ പോവുകയും വരുകയും ചെയ്യുന്ന ആ വഴിയുടെ വക്കിൽ തണൽ മരങ്ങൾ ഇല്ലായിരുന്നു. അവൻ മടിയിൽ വച്ചിരുന്ന ചില കുരുക്കൾ പാതയുടെ രണ്ടു വക്കിലും കുഴിച്ചിട്ടു.

പിറേറദിവസം കുറേക്കൂടി കുരുക്കൾ ചിയാങ്ങ് കൊണ്ടുപോയി. കുറേദൂരംകൂടി അവൻ പാതയിൽ കൂടി നീങ്ങി. അന്നു് ആ കുരുക്കൾ മുഴുവൻ അവൻ പാതയുടെ ഇരുവശങ്ങളിലും വരിവരിയായി പാകി.

പുതുമഴ പെയ്തപ്പോൾ അതെല്ലാം മുളച്ചു. അഞ്ചാറു കൊല്ലംകൊണ്ടു് മിക്കതും വളർന്നു കൊമ്പും ചില്ലയും തഴച്ച് എല്ലാം തണൽ മരങ്ങളായി. വേനൽക്കാലത്തു് ആ വഴിയിൽക്കൂടി സഞ്ചരിക്കുന്നവർക്കു് ആ തണൽ മരങ്ങൾ സഹായമായി തീർന്നു. തണലത്തിരുന്നു ക്ഷീണം തീർക്കുമ്പോഴും, തണലിൽക്കൂടി പോകുമ്പോഴും യാത്രക്കാർ ചിയാങ്ങിനെ പുകഴ്ത്തി.

മുടന്തനുപോലും മററുള്ളവർക്കു് ഉപകാരം ചെയ്യാമെന്നു് ചിയാങ്ങ് തെളിയിച്ചു.

## പാഠം 27

# മാവ്

പരീക്ഷ കഴിഞ്ഞു വേനൽക്കാലത്തു് ഒഴിവു തുടങ്ങുന്നു. അപ്പോൾ മാമ്പഴത്തിന്റെ കാലമാണു്. മാവുകളുടെ മൂട്ടിൽ ഉത്സാഹത്തോടെ കുട്ടികൾ കൂടും. മാമ്പഴം വീഴാൻ കാററുവരണം എന്നു് അവർ പാടിത്തകർക്കും 'കാറേറ വാ, കാറേറ വാ, മാമ്പഴം വീഴ്ത്താൻ കാറേറ വാ, എന്നു ചിലർ. 'ഇക്കാററും കാററല്ല ചെങ്കാററും കാററല്ല തുരുവേലിക്കുന്നിലെ പുത്തൻ കാറേറ വാ' എന്നു മററു ചിലർ. കാററടിച്ചു തുരുതുരാ മാമ്പഴം വീഴും. അതു പെറുക്കി എടുക്കാൻ കുട്ടികൾ ഓടും. ഓണക്കളിപോലുള്ള ഉത്സാഹം എല്ലാ മാവിന്റെ മൂട്ടിലും കാണാം.

നമ്മുടെ ഫലവൃക്ഷങ്ങളിൽ ഒന്നാണു് മാവു്. പലതരം മാവുകൾ നമ്മുടെ ദേശത്തു് ഉണ്ടു്. നാട്ടുമാവാണു കൂടുതൽ. കപ്പമാവും വരിക്കമാവും മൂവാണ്ടനും കിളിച്ചുണ്ടനും തുടങ്ങി വേറെ തരങ്ങളും ഉണ്ടു്.

കൂട്ടാൻവയ്ക്കാൻ നാട്ടുമാങ്ങയാണു നല്ലതു്. അതു ചെറുതാണു്. അതിനു പുളി കൂടുതൽ ഉണ്ടു്. ഉപ്പിലിടാൻ ആ മാങ്ങയാണു് ഉപയോഗിക്കുന്നതു്. വലിയതരം മാങ്ങയ്ക്കു് പഴുത്താൽ കൂടുതൽ സ്വാദുണ്ടു്. ശ്ശുരംകുടി മാമ്പഴം പ്രസിദ്ധമാണു്. മാമ്പഴവും

മാങ്ങാ കൊണ്ടുള്ള കറികളും എല്ലാവർക്കും ഇഷ്ടമാണു്.

പച്ചമാങ്ങാ ഉപ്പിലിട്ടു സൂക്ഷിക്കുന്നു. പഴുത്ത മാങ്ങാ അതുപോലെ സൂക്ഷിക്കാറില്ല. എന്നാൽ മാമ്പഴത്തിന്റെ ചാറു് ഉണക്കിവയ്ക്കാറുണ്ടു്. ചാറു് പിഴിഞ്ഞു പായിൽ ഒഴിച്ചാണു് ഉണക്കുന്നതു്. അതിൽ



അരിപ്പൊടിയും മററും ചേർക്കും. അതിന്ന് മാന്തിര എന്നു പറയും. അതു നല്ല ഒരു പലഹാരം ആണു്.

പല നല്ല ഇനം മാവുകളും ഒട്ടിച്ചു് എടുക്കാറുണ്ടു്. നാട്ടുമാവിൻെറ തൈയിൽ നല്ല തരം മാവിൻെറ ചില്ലിക്കമ്പു ചേർത്താണു് ഒട്ടിക്കുന്നതു്. ആ കമ്പു് കുറേ ആഴ്ചകൾകൊണ്ടു് മാന്തൈയിൽ പററിച്ചേരും. പിന്നീടു് അതു് ഒട്ടിപ്പിന്നു കേടുവരാതെ തൈമാവിൽ നിന്നു മുറിക്കും. ഇങ്ങനെ ഉണ്ടാകുന്ന മാവിന്നു് ഒട്ടുമാവു് എന്നു പറയുന്നു.

മാങ്ങായ്ക്കുവേണ്ടിയാണു് പ്രധാനമായി മാവു വച്ചു പിടിപ്പിക്കുന്നതു്. എങ്കിലും മററു പല ഉപകാരങ്ങളും അതിൽ നിന്നുണ്ടു്. മാവു് കാണാൻ നല്ല അഴകുള്ള വൃക്ഷം ആണു്. അതിൻെറ തടി വിറകിന്നും ചില സാമാനങ്ങൾ ഉണ്ടാക്കാനും കൊള്ളാം. തണലിന്നുവേണ്ടിയും ഈ മരം വഴിയരികിൽ വച്ചു പിടിപ്പിക്കുന്നു.

---

പാഠം 28

# സോളമൻെറ നീതിനടത്തൽ

യഹൂദന്മാർ എന്നു് ഒരു വർഗ്ഗം ആളുകൾ ഉണ്ടു്. അവരുടെ ഇടയിൽ പല മഹാന്മാരും ഉണ്ടായിട്ടുണ്ടു്. അവരിൽ പേരുപെററ ഒരു രാജാവു് ആയിരുന്നു.

സോളമൻ. അദ്ദേഹത്തിന്റെ ബുദ്ധിയുടെ മഹത്വം പ്രസിദ്ധമാണു്.

നീതിനടത്തുന്നതിൽ അദ്ദേഹം അസാമാന്യമായ ബുദ്ധി കാണിച്ചിരുന്നു. അതിനെപ്പററി പല കഥകളും ഉണ്ടു്. അതിൽ രസമുള്ള ഒരു കഥ പറയാം

ഒരുദിവസം രണ്ടു സ്ത്രീകൾ കൊട്ടാരത്തിൽ ചെന്നു. ഒരുത്തി ഒരു കുഞ്ഞിന്റെ ശവശരീരം കൈയിൽ വഹിച്ചിരുന്നു. മററവൾ ഒരു കുഞ്ഞിനെ മാറത്തു ചേർത്തു പിടിച്ചിരുന്നു. ആ കുഞ്ഞിനെപ്പററി ആയിരുന്നു രണ്ടുപേരുടേയും വഴക്കു്. ആദ്യത്തെ സ്ത്രീ ഇങ്ങനെ അറിയിച്ചു:—

"പൊന്നുതിരുമേനി, ഞങ്ങൾ രണ്ടും ഒരേവീട്ടിൽ ആണു താമസം. മരിച്ച ഈ കുട്ടി ഇവളുടേതാണു്. ഉറക്കത്തിൽ ഇവൾ തിരിഞ്ഞുകിടന്നപ്പോൾ കുട്ടി അടിയിൽ അകപ്പെട്ടുപോയി. അങ്ങനെ ഈ കുഞ്ഞു മരിച്ചു. പകരം എന്റെ കുഞ്ഞിനെ പിടിച്ചുപറിച്ചിരിക്കുകയാണു്. തിരുമനസ്സുകൊണ്ടു് എന്റെ കുഞ്ഞിനെ തിരിച്ചു തരുവിക്കണം."

മററവൾ:— (കരഞ്ഞുകൊണ്ടു്) പൊന്നുതമ്പുരാനേ! ഇപ്പറയുന്നതു് വെറും പൊളിയാണു്. മരിച്ച കുട്ടി ഇവളുടേതാണു്. സത്യം അറിഞ്ഞു് തിരുമേനി ന്യായം നടത്തണം. ഈ കുട്ടിയെ അവൾക്കു കൊടുക്കാൻ കല്പിച്ചാൽ എനിക്കു വളരെ സങ്കടമാണു്.

സോളമൻ രണ്ടു സ്ത്രീകളുടെയും ആവലാതി ശ്രദ്ധിച്ചുകേട്ടു. അദ്ദേഹം കുറച്ചുനേരം ആലോചിച്ചു കൊണ്ടിരുന്നു. എന്നിട്ട് നല്ല മൂർച്ചയുള്ള ഒരു കത്തി വരുത്തി അദ്ദേഹം ഇങ്ങനെ വിധി പറഞ്ഞു.

"മരിക്കാത്ത കുട്ടിയെപ്പററിയാണല്ലൊ വാദം. ഞാൻ അതിനെ രണ്ടായി ഭാഗിക്കാൻ പോകയാണു്. രണ്ടുപേർക്കും ഓരോ ഭാഗം തന്നേയ്ക്കാം. പിന്നെ വഴക്കില്ലല്ലോ."

ആദ്യം പരാതി പറഞ്ഞവൾ അനങ്ങാതെ നിന്നു. കുഞ്ഞിനെ എടുത്തിരുന്ന സ്ത്രീ പൊട്ടിക്കരഞ്ഞു കൊണ്ടു പറഞ്ഞു.

"പൊന്നുതിരുമേനീ! കുഞ്ഞിനെ വീതിക്കേണ്ട. അവൾ തന്നെ എടുത്തുകൊള്ളട്ടെ. എനിക്കു് ഇല്ലെങ്കിലും എൻെറ കുഞ്ഞ് ജീവനോടെ ഇരിക്കുമല്ലോ. എനിക്കു സന്തോഷത്തിനു് അതു മതി."

ഇതുകേട്ട് സോളമൻ ആദ്യത്തെ സ്ത്രീയുടെ മുഖത്തു നോക്കി ചോദിച്ചു:—"നീ എന്തു പറയുന്നു? മുറിച്ചു പകുതി എടുക്കുന്നതു് നിനക്കു സമ്മതമാണോ?

അവൾ പറഞ്ഞു:-

'കുട്ടി എൻേറതാണു്. എനിക്കു തരണം. ഇല്ലെങ്കിൽ പകുതി എങ്കിലും തരണം.

സോളമൻ:- (ചിരിച്ചുകൊണ്ടു്) കുട്ടിയെ പകുക്കാൻ പറഞ്ഞ നീ ഈ കുട്ടിയുടെ തള്ളയല്ല.

ഇങ്ങനെ ഒരു കള്ളം കൊണ്ടുവന്ന നീ എന്റെ നാട്ടിൽ ഇരുന്നുകൂടാ.

സോളമൻ കുട്ടിയെ തള്ളയ്ക്കു കൊടുത്തു. കള്ളം പറഞ്ഞവളെ നാടുകടത്തുകയും ചെയ്തു.

---

## പാഠം 29

# തോറ്റോടിയ പട

മണ്ണിൽ പല പല കുഴിയുണ്ടാക്കി-
പ്പൊണ്ണന്മാർ ചിലരവിടെയൊളിച്ചു.
കണ്ണുമടച്ചു പുതച്ചു കിടന്നൊരു-
വണ്ണമുറക്കവുമങ്ങു തുടങ്ങി.
കൊമ്പുകുഴൽക്കാർ ചെണ്ടക്കാരരു-
മമ്പുഭയപ്പെട്ടോടി നടന്നാർ.
കൊമ്പന്മാരുടെ കൊമ്പു മരത്തിൻ-
കൊമ്പുതടഞ്ഞുടനൻപതു ഭിന്നം.
മദ്ദളമരയിലുറപ്പിച്ചീടിന
വിദ്വാനോട്ടക പാരം ദണ്ഡം.
മദ്ദളമങ്ങൊരു കാട്ടിലെറിഞ്ഞി-
ട്ടിട്ടിക്കീന്നഥ ധാവതിചെയ്തു.

ഒരു ഭാഗത്തെത്തോല്പപിളർന്നി-
ട്ടൊരുവൻ ചെണ്ടയ്ക്കകമേ പൂക്കാൻ 14
പെരുവഴി തന്നില്പരുണ്ടു തിരിച്ചാൻ
പെരുതായുള്ളൊരു ചെണ്ടക്കാരൻ. 16

---

## പാഠം 30

# കോഴി

വീടുകളിൽ നാം കന്നുകാലികളെയും ആടുകളെയും വളർത്താറുണ്ടല്ലോ. അവയെക്കൊണ്ടു് നമുക്കു പല ഉപകാരങ്ങളും ഉണ്ടു്. അതുപോലെ നാം ചില പക്ഷികളെയും വളർത്തുന്നു. അവയിൽ പ്രധാനപ്പെട്ടവ കോഴിയും താറാവും ആണു്. താറാവു് അധികമായി വെള്ളത്തിൽ ഇര തേടുന്നു. അതുകൊണ്ടു് വെള്ളം ധാരാളം ഉള്ള സ്ഥലങ്ങളിലേ അവയെ വളർത്താറുള്ളു. എന്നാൽ കോഴിയെ ഏതു സ്ഥലത്തും വളർത്താൻ കഴിയും.

കോഴി ഒരു പക്ഷിയാണു് എന്നു പറഞ്ഞുവല്ലോ. പക്ഷി എന്നാൽ ചിറകു് ഉള്ള ജീവി എന്നാണു് അർത്ഥം. കാക്കയും കിളികളും പക്ഷികൾ ആണു്. അവ പറന്നു സഞ്ചരിക്കുന്നു. എന്നാൽ കോഴി വളരെ ചുരുക്കമായേ പറക്കാറുള്ളു. അതിന്റെ ചിറകിനു താങ്ങാവുന്നതിനെക്കാൾ ഭാരം ശരീരത്തിനുണ്ടു്.



ആൺകോഴിയെ പൂവൻ എന്നാണു വിളിക്കുന്നതു്. പെൺകോഴിയെ പിട എന്നു പറയുന്നു. പൂവൻ കോഴിക്കു വളരെ അഴകുണ്ടു്. അതിന്റെ തലയിൽ ചുവന്ന പൂവു് വളരുന്നു. അതിന്റെ ചുണ്ടിനു താഴെ രണ്ടു് ആട കാണാം. ആ ആടകൾക്കു് പൂവിനെപ്പോലെ തന്നെ ഭംഗിയുണ്ടു്. പൂവന്റെ കഴുത്തിലെ തൂവലുകളും അഴകുള്ളവ

യാണു്. അതിൻെറ നീണ്ടു വളഞ്ഞു വളരുന്ന അങ്കവാലിന്നു് മയിൽപ്പീലിയോളം അഴകുണ്ടു്.

പിടക്കോഴി പൂവനെപ്പോലെ അഴകുള്ളതല്ല. അതിന്നു ഭംഗിയുള്ള പൂവോ അങ്കവാലോ ഇല്ല. പിടക്കോഴി മുട്ടയിടുന്നു. സാധാരണ കോഴി ഒരു വട്ടം പതിനഞ്ചും ഇരുപതും മുട്ട ഇടും. അതു കഴിഞ്ഞു് അട ആകും. കോഴിയുടെ ചൂടു് ഏററു് മുട്ട വിരിയുന്നു. മുട്ട വിരിയാൻ ഇരുപത്തൊന്നു ദിവസം വേണ്ടിവരുന്നു. മുട്ട വിരിഞ്ഞു് കുഞ്ഞുങ്ങൾ വെളിക്കു വരും. അവയെ സൂക്ഷിക്കുന്നതിൽ തള്ളക്കോഴിയുടെ ശ്രദ്ധ കണ്ടാൽ അത്ഭുതം തോന്നും. കാക്കയോ പരുന്തോ വന്നാൽ ശബ്ദം ഉണ്ടാക്കി അതു് കുഞ്ഞുങ്ങളെ അടുത്തു വിളിക്കും. ചിറകു വിടർത്തി അവയെ അതിനുള്ളിൽ നിർത്തി രക്ഷിച്ചു കൊള്ളുകയും ചെയ്യും:

കോഴിമുട്ട ആഹാരത്തിനു വളരെ നല്ലതാണു്. വളരെ ആളുകൾ കോഴിമുട്ട ഉപയോഗിക്കുന്നുമുണ്ടു്. കോഴിയെ വളർത്തുന്നതു് ആദായമുള്ള തൊഴിലാണു്.

---

പാഠം 31

## പൂച്ചയ്ക്കു് ആരു മണി കെട്ടും

ഒരു പഴയ വീടിൻെറ തട്ടുമ്പുറത്തു് കുറേ എലികൾ പാർത്തിരുന്നു. ചിലതു വലുതു്, ചിലതു

ചെറുത്. അവയെല്ലാം കട്ടുതിന്നാനുള്ള വക ആ വീട്ടിൽ ഉണ്ടായിരുന്നു

എലികളുടെ ശല്യം സഹിക്കാൻ വയ്യാതായപ്പോൾ വീട്ടുടമസ്ഥൻ ഒരു വലിയ പൂച്ചയെ കൊണ്ടുവന്നു വളർത്തി. കുറേ എലികൾ അതിനു് ഇരയായി. ക്രൂർത്ത നഖങ്ങളും തിളങ്ങുന്ന കണ്ണുകളും ഉള്ള ശത്രുവിനെ പേടിച്ചു് എലികൾ അങ്ങുമിങ്ങും ഒളിച്ചു.

ഒരിക്കൽ അവർ ഒരു യോഗം കൂടി. ഒരു പൊണ്ണനെലിയാണു് അദ്ധ്യക്ഷനായിരുന്നതു്. അവൻ പറഞ്ഞു:— "നമുക്കു് സൈ്വരമായി ജീവിക്കാൻ കഴിയാതായി. നമ്മുടെ കുലശത്രുവായ ആ തടിയന്റെ കൈയിൽപ്പെടാതെ ഇരിക്കാൻ വല്ലതും ഉപായം ആലോചിക്കണം."

ആർക്കും ഒരു ഉപായവും തോന്നിയില്ല. എല്ലാ എലികളും തമ്മിൽത്തമ്മിൽ നോക്കി. ബുദ്ധിമാനാണെന്നു ഭാവിച്ചിരുന്ന അദ്ധ്യക്ഷൻ പറഞ്ഞു:—

"എന്താണു് ആരും മിണ്ടാത്തതു്? ഞാൻ ഒരു വഴി കണ്ടുവച്ചിട്ടുണ്ടു്. ഒച്ച കേൾപ്പിക്കാതെ ആ കാലൻ വരുന്നതുകൊണ്ടല്ലേ നമുക്കു് ഓടിയൊളിക്കാൻ ഇടകിട്ടാത്തതു്? അവന്റെ കഴുത്തിൽ നമുക്കു് ഒരു മണി കെട്ടണം. എന്നാൽ ആ തടിയൻ നടക്കുമ്പോൾ അതു് അനങ്ങും; ഒച്ച കേൾക്കും; നമുക്കു് ഓടി രക്ഷപ്പെടുകയും ചെയ്യാം.



“നല്ല ഉപായം” “നല്ല ഉപായം” എന്നു് എലികൾ വിളിച്ചുപറഞ്ഞു.

അപ്പോൾ കിഴവനായ ഒരു എലി ചോദിച്ചു:— “ആരാണു് പൂച്ചയുടെ കഴുത്തിൽ മണി കെട്ടാൻ?”

എല്ലാവരും തല താഴ്ത്തി. ആരും മറുപടി പറഞ്ഞില്ല. അദ്ധ്യക്ഷനായിരുന്ന പൊണ്ണനെലി കൈകൊണ്ടു തലയിൽ ചൊറിഞ്ഞു.

---

## പാഠം 32

# ഓമനക്കുട്ടൻ

(കൈകൊട്ടിക്കളിപ്പാട്ടു്)

ഓമനക്കുട്ടൻ ഗോവിന്ദൻ ബല-
രാമനെക്കൂടെക്കൂടാതെ,
കാമിനീമണിയമ്മതന്നങ്ക-
സീമനിചെന്നു കേറിനാൻ.
അമ്മയുമപ്പോൾ മാറണച്ചിട്ടു-
ങ്ങുമ്മ വച്ചു കിടാവിനു്.
അമ്മിഞ്ഞ കൊടുത്താനന്ദിപ്പിച്ചു
ചിന്മയനപ്പോളോതിനാൻ.
ഒപ്പത്തിലുള്ള കുട്ടികളൊരു
മുപ്പത്തിരണ്ടു പേരുണ്ടു്.

അപ്പിള്ളേരാസ്യനത്തിൽ കളിപ്പാ-
നിപ്പോൾ ഞാനമ്മേ പോകട്ടെ?
അയ്യോ എന്നുണ്ണി പോകല്ലെയിപ്പോൾ
തീയുപോലുള്ള വെയിലല്ലേ?
വെറുതേയെന്നമ്മേ തടയല്ലേ പോട്ടെ
പുരിചോടിന്നിടയ്ക്കുണ്ണുവാൻ
നറുനെയ്യു കൂട്ടീട്ടുരുട്ടീട്ടും നല്ലോ-
രുറതയിർ കൂട്ടീട്ടുരുട്ടീട്ടും;
വറുത്തോരുപ്പേരി പതിച്ചിട്ടമീര-
ണ്ടുരുളയുമെൻറ മുരളിയും,
തരികയെന്നൊന്നങ്ങലട്ടിച്ചാഞ്ചാടി-
ത്തരസാ കണ്ണൻ താൻ പുറപ്പെട്ടു.

(വെൺമണിമഹൻ)

---

പാഠം 33

# കിട്ടുന്നതിൽ പാതി

(ഒരു പ്രഭുവിൻെറ മാളികയുടെ പടിവാതിലിൽ തവണക്കാരൻ നിൽക്കുന്നു.)

തവണക്കാരൻ:— അകത്തുപോകാനാണോ എന്താണു കുട്ടയിൽ?

പൂക്കാരൻ:—ഇതു പൂവാണു്. ഇവിടെ യജമാനന്റെ മകളുടെ കല്യാണമല്ലേ? അതിനു പൂ വേണമെന്നു് അറിഞ്ഞു.

തവണക്കാരൻ:—നില്ക്കുക. അകത്തു് അറിയിക്കാം. അനുവാദം ഉണ്ടെങ്കിലേ അകത്തു കയറാവൂ.

പൂക്കാരൻ:—ഇതു വേനൽക്കാലമാണു്, പൂ തീരെ കിട്ടുകയില്ല. പൂ കൊണ്ടുവന്നാൽ ഇരട്ടി വില കിട്ടുമെന്നു് എന്നോടു് ഒരാൾ പറഞ്ഞു.

തവണക്കാരൻ:—കാര്യം ശരിതന്നെ. നിനക്കു് ഇരട്ടി വില കിട്ടിയാൽ എനിക്കു് എന്താണു ഗുണം?

പൂക്കാരൻ:-നിങ്ങൾക്കു ഗുണമോ? യജമാനന്റെ മകളുടെ കല്യാണം കാണാം.

തവണക്കാരൻ:- കല്യാണം യജമാനൻ നടത്തിക്കൊള്ളും.

പൂക്കാരൻ:- കല്യാണത്തിനു പൂവു വേണ്ടേ? ഈ വേനല്ക്കാലത്തു് എവിടെ പൂവു കിട്ടും?

തവണക്കാരൻ:- അതെല്ലാം ഇരിക്കട്ടെ. കടത്തിവിട്ടെങ്കിലല്ലേ നിനക്കു് ഇരട്ടിവില കിട്ടൂ?

പൂക്കാരൻ:— (വിഷമിച്ചിട്ടു്) ഞാൻ എന്തുവേണമെന്നു പറഞ്ഞേയ്ക്കണം.

തവണക്കാരൻ:- കിട്ടുന്നതിൽ പകുതി എനിക്കു തന്നേയ്ക്കുക.

പൂക്കാരൻ:— (അല്പം ആലോചിച്ചിട്ടു്) തരാം.

തവണക്കാരൻ:- ശരി, നീ സാധു. നല്ല മര്യാദക്കാരൻ കടന്നുപോവുക. തിരിച്ചുവരുമ്പോൾ കാര്യം മറന്നു കളയരുത്. (പൂക്കാരൻ അകത്തുപോകുന്നു. തവണക്കാരൻ സന്തോഷിച്ച് മനോരാജ്യത്തിൽ നില്ക്കുന്നു.) (പ്രഭുവും സേവകന്മാരും മാളികയുടെ പൂമുഖത്ത് ഇരിക്കുന്നു. പൂക്കാരൻ പൂവ് മുമ്പിൽ കൊണ്ടു വയ്ക്കുന്നു.)

പ്രഭു:- ഇതു് പൂവാണോ? ഒരു പൂ കിട്ടാത്ത കാലത്തു് ഇത്രയും പൂ കൊണ്ടുവന്ന നീ സമർത്ഥൻ തന്നെ.

സേവകൻ:- നല്ല നല്ല പൂക്കൾ. ഹാ! താമരയും, തെററിയും, പിച്ചിയും, മുല്ലയും എല്ലാംഉണ്ടല്ലോ?

പൂക്കാരൻ:- പൊന്നേജമാനനെ! ഞാൻ പോകാത്ത വീടും കാടും ഇല്ല.

പ്രഭു:- നിനക്ക് എന്തു വിലവേണമെങ്കിലും തരാം.

പൂക്കാരൻ:—എനിക്ക് ഇതിനു കൂലി പണമായിട്ടു വേണ്ട. മുക്കാലിയിൽ കെട്ടി അൻപതു് അടി തരുന്നതിനു് ഉത്തരവാകണം.

പ്രഭു:— (ആശ്ചര്യപ്പെട്ടു്) എന്തു്? പൂ കൊണ്ടു വന്നതിനു കൂലി അൻപതു് അടിയോ! ഇതിൽ എന്താ വിനോദം ഉണ്ടല്ലോ! നീ നേരു പറയുക.

പൂക്കാരൻ:—ഇതിനു കൂലി അൻപതു് അടി മതി; അതിൽ പാതി എനിക്കും, പാതി വേറൊരു ആൾക്കും ആണു്.

GOVERNMENT TRAINING SC. T. C. STATE. KOTTAYAM.

പ്രഭു:—വേറേ ആൾക്കോ! കഥ കൊള്ളാമല്ലോ!

പൂക്കാരൻ:—കൂലിയിൽ പാതി തവണക്കാരനുള്ളതാണു്. പാതി കൊടുത്തുകൊള്ളാം എന്നു പറഞ്ഞിട്ടാണു് അകത്തു് കടന്നതു്.

പ്രഭു:—എന്റെ നടയിൽ കാവൽ നിൽക്കുന്നവനോ?

പൂക്കാരൻ:—അതേ! എനിക്കു് ഇരട്ടി വില കിട്ടും എന്നു പറഞ്ഞു. അതുകൊണ്ടു് പകുതി അയാൾക്കു കൊടുക്കണം എന്നാണു് ഏർപ്പാടു്.

പ്രഭു:—ശരി, അവനു ചെല്ലാനുള്ളതു മുഴുവൻ ഇപ്പോൾ കൊടുക്കാം. നിനക്കുള്ളതു വഴിയെ ആകാം. ആരവിടെ? (ഭൃത്യൻ പ്രവേശിക്കുന്നു.) നടയിൽ കാവൽ നിൽക്കുന്നവനു് മുക്കാലിയിൽ കെട്ടി ഇരുപത്തഞ്ചടി ഉടൻ കൊടുക്കാൻ പറയണം. (പൂക്കാരനു വേണ്ട സമ്മാനങ്ങൾ കൊടുത്തു സന്തോഷിപ്പിച്ചു് അയയ്ക്കുന്നു.)

---

പാഠം 34


# കളികൾ

പഠിക്കാനും കളിക്കാനും ഒക്കെ കുട്ടികൾക്കു മടികാണും. എന്നാൽ കളിക്കാൻ അവർ എപ്പോഴും തയ്യാറാണു്. കൂട്ടുകാർ ഉണ്ടെങ്കിൽ കുട്ടികൾ കളിച്ചു തകർക്കും. ഊണുപോലും അവർ മറക്കും. കളിയെപ്പററി വിചാരിക്കുമ്പോഴേ അവരുടെ മനസ്സു് ഇളകിപ്പോകും.

കുട്ടികൾ ഒരിടത്തു് ഇരുന്നു കളിക്കുന്നതാണു്. പാറകളി, ഗോച്ചികളി, ഉപ്പുകളി (ഈർക്കിക്കത്തമ്പലം), പമ്പരം കറക്കു് മുതലായവ. ഓട്ടവും ചാട്ടവും ഉള്ള പല കളികളും അവർക്കുണ്ടു്. കണ്ണുപൊത്തിക്കളി, ഒളിച്ചുകളി കള്ളനും ശിപായിയും കളി ഇവ അത്തരത്തിൽ ഉള്ളവയാണു്. തിരുവാതിരക്കളി, അമ്മാനയാട്ടം, കോലടി മുതലായവ പെൺകുട്ടികളുടെ പ്രധാനകളികൾ ആകുന്നു. കുട്ടികൾക്കു് എന്നപോലെ മുതിർന്നവർക്കും പലതരം കളികൾ ഉണ്ടു്. പ്രായമായവർ ഒരിടത്തു് ഇരുന്നു കളിക്കുന്ന പ്രധാനപ്പെട്ട കളികളാണു ചീട്ടും ചതുരംഗവും. ഈ കളികൾ നിങ്ങൾ എല്ലാം കണ്ടിരിക്കുമല്ലോ.

നമ്മുടെ നാട്ടിലെ കളികളിൽ പ്രധാനപ്പെട്ട ഒന്നാണു് പന്തുകളി. ഓണക്കാലത്തു് ഇവിടത്തെ പന്തുകളി വളരെ വിശേഷമാണു്. മുൻകാലങ്ങളിൽ പന്തയംവച്ചു പന്തുകളി നടത്തിയിരുന്നു. ജയിക്കുന്ന കക്ഷിക്കു് പഴക്കുലയും നേരിയതും മററും സമ്മാനം കിട്ടും. പല ദേശക്കാർ മത്സരിച്ചു കളിക്കയും സാധാരണമായിരുന്നു. വാഴക്കരിയില അകത്തുവച്ചു പുറത്തു വാഴപ്പോള പൊതിഞ്ഞതാണു് നാടൻപന്തു് ഉണ്ടാക്കുന്നതു്. ഇപ്പോൾ തോൽപ്പന്തുകളും റബ്ബർപ്പന്തുകളും ആണു് അധികം ഉള്ളതു്.

പന്തുകളിപോലെ പ്രധാനപ്പെട്ടതാണു് കിളിത്തട്ടുകളി. തട്ടുവരച്ചാണു് ഈ കളി നടത്തുന്നതു്. പന്തുകളിയിൽ എന്നപോലെതന്നെ ഇതിലും ഓടാനും ചാടാനും നല്ല സൗകര്യം ഉണ്ടു്. കുട്ടികളുടെ



മറെറാരു പ്രധാനപ്പെട്ട കളി കുട്ടിയും കോലും ആണ്. ഇതു കളിക്കാൻ രണ്ടുപേരെ വേണ്ടൂ. ഏകദേശം ഒരുകോൽ നീളം ഉള്ള ഒരു കമ്പും ഒരു ചാണോളം വരുന്ന ഒരു കുറിയ കമ്പും ആണ് കളിക്കു വേണ്ട കരുക്കൾ. ഈ കളി നമ്മുടെ രാജ്യത്തു് എല്ലാ ഭാഗങ്ങളിലും നടപ്പുണ്ടു്.

പട്ടം പറത്തൽ നല്ല ഒരു വിനോദം ആണ്. തുറന്ന സ്ഥലത്തുനിന്നു് അനേകം കുട്ടികൾ ഒരുമിച്ചു് പട്ടം പറത്തിക്കളിക്കും. പട്ടം പൊങ്ങി പ്പൊങ്ങി പറക്കുന്നതു കാണാൻ വളരെ രസം ഉണ്ടു്.

അത് എല്ലാ രാജ്യങ്ങളിലും പ്രധാനപ്പെട്ട ഒരു വിനോദം ആണ്.

കളികളിൽ നിന്നു രസം മാത്രമല്ല ഉണ്ടാകുന്നത്. അവ ആരോഗ്യവും തരുന്നു. കൂട്ടുകാരോടൊത്ത്. ഓടുകയും ചാടുകയും ചെയ്യുന്നത് കുട്ടികൾക്കു. മനസ്സിനും ദേഹത്തിനും നല്ലതാണ്.

നാം എപ്പോഴും ഉല്ലാസമായി കഴിയണം. അതിന് കളിയും വിനോദവും കൂടിയേ തീരൂ. എന്നാൽ, ജോലി ചെയ്യേണ്ടപ്പോൾ കളികൊണ്ടു സമയം കളയരുത്. പാഠങ്ങൾ പഠിക്കാതെ കളിക്കുന്നവർ പരീക്ഷ കടന്നു കൂടാൻ പ്രയാസപ്പെടും. അതിനാൽ പഠിക്കേണ്ടപ്പോൾ പഠിക്കണം. പിന്നീടു മാത്രമേ കളിക്കാവൂ.

---

പാഠം 35

# ദുർമ്മോഹം

എലികളൊരായിരമുണ്ടെന്നാലൊരു
പുലിയൊടു കലഹിപ്പാനെളുതാമോ? 2
കുറുനരി ലക്ഷം വന്നാലിന്നൊരു
ചെറുകടുവായെ വധിപ്പാനെളുതോ? 4
ഉപ്പു ചുമന്നു നടക്കുന്നവനൊരു
കപ്പലു കടലിലിറക്കാൻ മോഹം. 6

അണ്ടികൾ ചപ്പി നടക്കുന്നവനൊരു
തണ്ടിലിരിപ്പാനാഗ്രഹമയ്യോ!
കുണ്ടുകിണററിൽ തവളക്കുഞ്ഞിനു
കുന്നിനു മീതെ പറക്കാൻമോഹം.
ചൊട്ടച്ചാൺ വഴി ദൂരം മാത്രം
കഷ്ടിച്ചങ്ങു പറക്കും കോഴി
ഗരുഡനു പിറകേ ചിറകും വീശി-
ഗ്ഗഗനേ ഗമനം വാഞ്ഛിക്കുന്നു.
ഞാഞ്ഞൂലെന്നൊരു കൂട്ടം ഭൂമിയി-
ലഞ്ഞൂറായിരമെണ്ണം കൂടി
സ്വരൂപിച്ചെങ്കിലനന്തനെടുക്കും
ധരണിയെടുപ്പാനെളുതായ് വരുമോ?

---

പാഠം 36

## നബിയുടെ വിനയം

പെരുമാററത്തിൽ വിനയം കാണിക്കേണ്ടതു് വളരെ ആവശ്യമാണു്. മററുള്ളവരെക്കാൾ താൻ ഉയർന്നവനാണു് എന്ന ഭാവം ആർക്കും നന്നല്ല. മുഹമ്മദു നബിയുടെ ജീവിതത്തിൽ ഇതിനു് ഒരു നല്ല ഉദാഹരണം ഉണ്ടു്. മഹാനായ നബി ആരോടും വളരെ മര്യാദയോടെ ആണു് പെരുമാറിയിരുന്നതു്.

മനുഷ്യർ എല്ലാം ഒപ്പമാണു് എന്നു് അദ്ദേഹം എപ്പോഴും ഓർമ്മിച്ചിരുന്നു.

മുഹമ്മദു് ഒരു യഹൂദനോടു് കുറച്ചു പണം കടം വാങ്ങിച്ചിരുന്നു. ഒരു ദിവസം ആ യഹൂദൻ വന്നു് ഇപ്പ്രകാരം ആക്ഷേപിച്ചു പറഞ്ഞു:-

മുഹമ്മദേ! വാങ്ങിയാൽ തിരിച്ചു കൊടുക്കുന്ന പതിവു് അറബികൾക്കു പണ്ടേ ഇല്ല. അതു് അനുസരിച്ചു തന്നെയാണോ നിങ്ങളും തുടങ്ങുന്നതു്?"

മുഹമ്മദിന്റെ ശിഷ്യന്മാരിൽ പ്രധാനിയായ ഉമറിനു് ഇതു കേട്ടു് കോപം വന്നു. അതിനു തക്ക സമാധാനം പറയാൻ അദ്ദേഹം മുതിർന്നു. എന്നാൽ മുഹമ്മദു് അയാളെ തടഞ്ഞുകൊണ്ടു് ഇങ്ങനെ പറഞ്ഞു:—

കോപിക്കുന്നതു നന്നല്ല. മര്യാദയായി ചോദിക്കാൻ അദ്ദേഹത്തെയും കടം വീട്ടാൻ എന്നെയും ഉപദേശിക്കേണ്ടതല്ലേ? എന്നാൽ നിങ്ങളുടെ ഉപദേശം ഒരാളോടുമാത്രം ആയിരുന്നു. അതു ശരിയായില്ല.

മുഹമ്മദിന്റെ വാക്കുകേട്ടു് ഉമർ ലജ്ജിച്ചു.

പിന്നെ അദ്ദേഹം ആ യഹൂദനെ അടുക്കൽ വിളിച്ചു് കൊടുക്കാനുണ്ടായിരുന്ന പണം കൊടുത്തു. താമസം നേരിട്ടതിനു മാപ്പു ചോദിക്കയും ചെയ്തു. മുഹമ്മദിന്റെ വിനയം യഹൂദന്റെ മനസ്സിൽ തട്ടി. യഹൂദൻ മുഹമ്മദിന്റെ ശിഷ്യനായിത്തീരുകയും ചെയ്തു.

പാഠം 37

# വാഷിങ്ടൻെറ സത്യനിഷ്ഠ

അമേരിക്കാരാജ്യത്തു് വാഷിങ്ടൻ എന്നു പേരായ ഒരു കുട്ടി ഉണ്ടായിരുന്നു. വീട്ടിലെ തോട്ടത്തിൽ ചെറിയ കൃഷിവേലകൾ ചെയ്യാൻ വാഷിങ്ടൻ വളരെ ഉത്സാഹം കാണിച്ചിരുന്നു. അതുകണ്ടു സന്തോഷിച്ച് അയാൾക്കു് അച്ഛൻ ഒരു കൈക്കോടാലി സമ്മാനിച്ചു. അതു കിട്ടിയപ്പോൾ വാഷിങ്ടനു് അളവില്ലാത്ത സന്തോഷം ഉണ്ടായി. അന്നു വൈകുന്നേരം പള്ളിക്കൂടം വിട്ടയുടനെ വാഷിങ്ടൻ വീട്ടിൽ ഓടിവന്നു് കോടാലി കൈയിൽ എടുത്തു. അതിൻെറ മിനുസവും മൂർച്ചയും എന്തു പറയാം! അതിൻെറ പിടിയായിരുന്നു ഏററവും മനോഹരം.

ഈ കോടാലികൊണ്ടു് വെട്ടിയാൽ ഏതും മുറിക്കാം എന്നു പറഞ്ഞുകൊണ്ടു് വാഷിങ്ടൻ തോട്ടത്തിലേയ്ക്കു് ഓടി. അവിടെ ചെറിയ ഒരു വൃക്ഷം ഭംഗിയായി തഴച്ചു വളർന്നു നിന്നിരുന്നു. കോടാലിയുടെ മൂർച്ച അതിൽത്തന്നെ പരീക്ഷിക്കാം എന്നു നിശ്ചയിച്ച് വാഷിങ്ടൻ അതിൻെറ കൊമ്പുകൾ ഓരോന്നായി വെട്ടിയിട്ടു. അതു് വാഷിങ്ടൻെറ അച്ഛൻ വളരെ സൂക്ഷിച്ചു വളർത്തിയ ഒരു വൃക്ഷം ആയിരുന്നു.

അന്നു വൈകുന്നേരം വാഷിങ്ടന്റെ അച്ഛൻ പതിവുപോലെ തോട്ടത്തിൽ ചെന്നു നോക്കി. വൃക്ഷം ആരോ മുറിച്ചു തള്ളിയിരിക്കുന്നതായി കണ്ടു. അദ്ദേഹത്തിനു കോപം സഹിക്കാൻ പാടില്ലാതായി. വേലക്കാരനെ വിളിച്ച് ആരാണ് ഈ ദ്രോഹം ചെയ്തത് എന്നു ചോദിച്ചു. അവൻ മറുപടി ഒന്നും പറഞ്ഞില്ല. വാഷിങ്ടനാണ് കുററക്കാരൻ എന്ന് ആ വേലക്കാരനും അറിഞ്ഞിരുന്നു. അദ്ദേഹം വേലക്കാരനെ ശാസിച്ചു. അതുകേട്ട് വാഷിങ്ടൻ അച്ഛന്റെ അടുക്കൽ ചെന്ന് ഇപ്രകാരം പറഞ്ഞു:—

"അച്ഛാ! ഞാൻ നേരു പറയാം. വേലക്കാരനെ ശിക്ഷിക്കേണ്ട. ഞാൻ തന്നെയാണ് ഈ മരക്കൊമ്പു വെട്ടിയത്. അച്ഛൻ തന്ന കോടാലിയുടെ മൂർച്ച നോക്കാൻ ഞാൻ ചെയ്തുപോയതാണ്."

അദ്ദേഹത്തിന്റെ കോപം തണുത്തു. പുത്രനെ കെട്ടിപ്പിടിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു:—

"നീ നേരു പറഞ്ഞതുകൊണ്ടു എനിക്കു വളരെ സന്തോഷമായി. ഈ തോട്ടത്തിലുള്ള വൃക്ഷങ്ങൾ മുഴുവൻ നശിച്ചാലും സഹിക്കാം. നീ ഒരു അസത്യം പറഞ്ഞാൽ എനിക്ക് അതിൽ കൂടുതൽ വ്യസനം ഉണ്ടാകും."

ഈ ബാലനാണ് പിന്നീട് അമേരിക്കയിലെ നായകനായി പ്രസിദ്ധി നേടിയ വാഷിങ്ടൻ. അമേരിക്കക്കാർ അദ്ദേഹത്തിന്റെ നാമം ബഹുമാനത്തോടും സ്നേഹത്തോടും കൂടി ഇന്നും ഓർമ്മിച്ചുവരുന്നു.

പാഠം 38

# കയർ

പശുവിനെയും ആടിനെയും മററും കെട്ടുന്നതു് കയറുകൊണ്ടാണല്ലോ. കിണററിൽനിന്നു വെള്ളം കോരാനും കയർ വേണം. ഇങ്ങനെ കയർ കൊണ്ടു് പല ഉപയോഗങ്ങളും ഉണ്ടു്.

നമ്മുടെ നാട്ടിൽ കയറു ധാരാളമായി ഉണ്ടാക്കുന്നു. പടിഞ്ഞാറു് കായലുകളുടെ തീരത്താണു് കയറു് അധികമായി ഉണ്ടാക്കുന്നതു്. നിങ്ങളിൽ ചിലരെങ്കിലും കയർ പിരിക്കുന്നതു കണ്ടിരിക്കും.

നമ്മുടെ രാജ്യത്തു് സമൃദ്ധിയായി തെങ്ങു വളരുന്നല്ലോ. ഈ വൃക്ഷത്തിൽനിന്നു പ്രധാനമായി കിട്ടുന്ന ഫലം തേങ്ങാ ആണു്. തേങ്ങായുടെ തൊണ്ടിൽ നിന്നാണു് കയറുണ്ടാക്കുന്നതു്. അതു് എങ്ങനെ എന്നു മനസ്സിലാക്കേണ്ടയോ?

ചെളി അധികമുള്ള വെള്ളത്തിൽ തൊണ്ടു് പുതച്ചിടുന്നു. ഉപ്പുള്ള കായൽ വെള്ളത്തിൽ ഇടുന്നതാണു നല്ലതു്. രണ്ടു മൂന്നു മാസംകൊണ്ടു് തൊണ്ടു് അഴുകും. അഴുകിയ തൊണ്ടു് ഒരു തടിയുടെ പുറത്തു് വച്ചു് ചെറിയ ഒരു മുണ്ടൻ തടികൊണ്ടു് അടിക്കും. അങ്ങനെ ചോറു മാററി ചകരി വേറെ എടുക്കും അതു വെയിലത്തിട്ടു് ഉണക്കും. പിന്നീടു് അതു്

കൈകൊണ്ടോ റാട്ടിൽവച്ചോ പിരിച്ച് ഇഴക്കയർ ആകും.

ഇഴക്കയർ ചേർത്തു പിരിച്ചാണ് പശുവിനെ കെട്ടാനും മററും കയർ ഉണ്ടാക്കുന്നതു്. വളരെ നീള ത്തിലും വണ്ണത്തിലും ഉണ്ടാക്കുന്ന വടങ്ങളും ആലാത്തു കളും ഉണ്ട്. കയർകൊണ്ട് ഇപ്പോൾ പലതര ത്തിലുള്ള പായ്കളും ചകിരിമെത്തകളും ഉണ്ടാക്കുന്നു.



കടയ്ക്കാവൂർ, അഞ്ചുതെങ്ങ് തുടങ്ങിയ സ്ഥല ങ്ങളിൽ ധാരാളമായി കയർ പിരിക്കുന്നു. വടക്ക് ചവറ, ചേർത്തല മുതലായ പല സ്ഥലങ്ങളും ഈ തൊഴിലിന്നു പ്രസിദ്ധമാണ്. കയററുപായും മററും

ഉണ്ടാക്കുന്ന പല തൊഴിൽശാലകളും ആലപ്പുഴെയും ചേർത്തലെയും ഉണ്ടു്. അതു് അവിടങ്ങളിൽ പലർക്കും ഒരു തൊഴിൽ ആണു്.

നമ്മുടെ രാജ്യത്തുനിന്നു് വളരെ അധികം കയറുപായും ചകിരിമെത്തയും മറുനാട്ടുകളിൽ അയയ്ക്കുന്നു. ഇപ്പോൾ ആ സാധനങ്ങൾ വെളിക്കു കൂടുതൽ ആവശ്യം ഉണ്ടു്. അതുകൊണ്ടു് നമുക്കു് വളരെ ആദായം ഉണ്ടാകുന്നു.

---

പാഠം 39

# ആനയും കുരുടന്മാരും

ആനയെക്കൂഴം രൂപമാരാഞ്ഞറിയുവാ-
നായിട്ടു നാലു കുരുടന്മാർ പോയിപോൽ.
ഏറുന്ന കൗതുകം പൂണ്ടു കരം നീട്ടി-
യോരോ വഴിക്കതിൻ ചാരത്തണഞ്ഞുപോൽ.
കാലിൽ കരംകൊണ്ടു മെല്ലെത്തലോടീട്ടു
കാണിനേരം നിന്നു കണ്ണു പൊട്ടനുടൻ
ഹാ! വൻപാറപോലെയത്രേ ഗജമെന്നു
ഭാവം തെളിഞ്ഞു തൻ കൂട്ടരോടോതിനാൻ.
അപ്പോളതിൻ ചെവിയൊന്നു പതുക്കവേ
തപ്പുന്നവനുരച്ചീടിനാനിങ്ങനെ:-

തെററുതാൻ നീ ചൊന്നതുക്കൻ മുറം പോലെ-
യത്രേയിതെന്നെനിക്കിന്നു തോന്നീടുന്നു.
കൊമ്പൻെറ മുമ്പിലെത്തീട്ടു തുമ്പിക്കരം
ചെമ്മേ തടവിനിന്നുള്ള കരുടച്ഛാർ
ചങ്ങാതിമാരോടുരച്ചു ചൊയ്‌ചൊൽകയോ,
നിങ്ങളിവൻ തൂണുപോലെന്നറിഞ്ഞു ഞാൻ.
തേടിക്കരംകൊണ്ടു വാലിൽ പിടിക്കൂടി-
യാടിനിന്നീടുന്ന നാലാമനോതിനാൻ:-
കേടററൊരു വടത്തിന്നു നേരാണിതു
മൂഢപ്രഭുക്കളെ സാരം ഗ്രഹിക്കുവിൻ.
ഓരോ വിധമഭിപ്രായം പറഞ്ഞു പോൽ
വീറോടു തർക്കിച്ചുറക്കെ ശ്ശഠിച്ചുപോൽ.
പാരം പഴിച്ചുപോൽ നാൽവരുമന്യോന്യം
നേരം കളഞ്ഞുപോൽ കാര്യം മറന്നുപോൽ.
വാസ്തവമുണ്ടിവർ ചൊന്നതിലെങ്കിലും
തത്വം ഗ്രഹിക്കുമാറായീലൊരുവനും.

GOVERNMENT TRAINING SCHOOL T. C. STATE KOTTAYAM

പാഠം 40

# വിദ്യയ്ക്കു വിദ്യ

[അഴകൻ ചെട്ടിയാർ വരുന്നു. ചൊടലമുത്തു എണീററു ചെല്ലുന്നു.]

ചൊടല:—(പതറിക്കൊണ്ട്) എത്രനാളായി നിങ്ങൾ പോയിട്ട്. ഇനിയും തിരിച്ചു വരികയില്ലെന്നു എല്ലാവരും പറഞ്ഞു. ഞാൻ എന്തു ദുഃഖിച്ചെന്നോ!

അഴകൻ:—ഞാൻ ഇവിടെ നിന്നു പുറപ്പെട്ട് പല നാട്ടുകളിലും പോയി. കച്ചവടത്തിനു നല്ല സൗകര്യം ഉണ്ടായിരുന്നു.

ചൊടല:—അപ്പോൾ നല്ല ലാഭം കിട്ടിയിരിക്കും, അല്ലേ?

അഴകൻ:—ഓ, കുറച്ചൊക്കെ കിട്ടി. വളരെ ചെലവും വന്നു.

ചൊടല:—അതെങ്ങനെ?

അഴകൻ:—യാത്രയല്ലേ? പലതിനും പണം ചെലവാക്കണം. ചിലേടത്തു വച്ച് കള്ളന്മാരും കൊള്ളക്കാരും പിടികൂടുകയും ചെയ്തു.

ചൊടല:—കഷ്ടം! അപ്പോൾ തൽക്കാലം കൈയിൽ അധികം പണം ഇല്ല എന്നാണോ പറയുന്നത്? എങ്കിൽ കാര്യം കുഴപ്പം ആകുമല്ലോ?

അഴകൻ:—കുറേ സ്ഥലങ്ങൾ കാണ്മാൻ സാധിച്ചു. അതു മിച്ചമല്ലേ? ഈ യാത്രകൊണ്ടു പണം ഉണ്ടാക്കണമെന്നു് ആഗ്രഹിച്ചില്ല. ഞാൻ സൂക്ഷിക്കാൻതന്ന സ്വർണ്ണക്കട്ടി ഇവിടെ ഇരിപ്പുണ്ടല്ലോ.

ചൊടല!—അതാണല്ലോ കുഴപ്പം എന്നു ഞാൻ പറഞ്ഞതു്

അഴകൻ:—(അല്പം വിഷമിച്ചു്) എന്തു്? അതിനു വല്ല തകരാറും പററിയോ?

ചൊടല:—പററിയതു് ഒന്നും പറയണ്ട! ഞാൻ വിഷമിച്ചിരിക്കയാണു്. എന്താണു് പറക? അതു വച്ചിരുന്ന മുറി ഞാൻ വളരെ നാൾ തുറന്നില്ല. ഒടുവിൽ ഒരു ദിവസം ഞാൻ ചെന്നു നോക്കി. മുഴുവൻ എലി തിന്നുപോയി!

അഴകൻ:—കഷ്ടം! (ആലോചിച്ചിട്ടു്) പോകട്ടെ എന്തു ചെയ്യാം? വിധിയാണു്. നിങ്ങൾക്കെല്ലാം സുഖം തന്നെല്ലോ. ഞാൻ ഇറങ്ങിയിട്ടു വരാം.

(അടുത്ത ദിവസം. അഴകൻചെട്ടിയാരുടെ വീട്ടു് ചൊടലമുത്തു വരുന്നു.)

അഴകൻ:—വരണം, വരണം; സുഖം തന്നെയോ?

ചൊടല:—സുഖമോ? എന്റെ പയ്യനെ നിങ്ങൾ ഇന്നലെ വിളിച്ചുകൊണ്ടുപോന്നല്ലോ. അവൻ എവിടെ?

അഴകൻ:— ഞാൻ അയാളെ വഴിക്കുവച്ചു കണ്ടു. അയാൾ എന്നോടൊന്നിച്ചു കുറച്ചു നടന്നു.

ചൊടല:—എന്നിട്ടു്?

അഴകൻ:—കഷ്ടം! ഞാൻ നോക്കികൊണ്ടു് നിൽക്കുന്നു- ഒരു തടിയൻ പരുന്തു വന്നു് അയാളെ റാഞ്ചി കൊണ്ടുപോയി.

ചൊടലൻ:— കള്ളം പറയുന്നോ? പയ്യനെ പരുന്തു റാഞ്ചു കയോ! ഇതു് എവിടെ നടക്കുന്ന കാര്യം? എന്റെ കുട്ടിയെ തരണം.

അഴകൻ:—സ്നേഹിതാ! ഇതു് ഒരു വിശേഷപ്പെട്ട നാടാ ണു്. ഞാൻ പോയിടത്തെങ്ങും ഇങ്ങനെ കണ്ടി ട്ടില്ല. ഇവിടെ സ്വർണ്ണക്കട്ടി തിന്നുന്ന എലി ഉണ്ടു്., ആളുകളെ റാഞ്ചുന്ന പരുന്തും ഉണ്ടു്.

ചൊടലൻ:—(ചിരിച്ചുകൊണ്ടു്) ഞാൻ പൊളിയല്ലേ് പറ ഞ്ഞതു്? സ്വർണ്ണക്കട്ടി തന്നേയ്ക്കാം.

അഴകൻ:—എലി തിന്ന സ്വർണ്ണം വരുമ്പോൾ ഉടൻ പരുന്തു കൊണ്ടുപോയ പയ്യനും വരും.

---

## പാഠം 41

# വേലുത്തമ്പിയുടെ നീതിനിഷ്ഠ

വേലുത്തമ്പി എന്ന പേരായി ഒരു ദളവാ തിരുവിതാംകൂറിൽ ഉണ്ടായിരുന്നു. വേലുത്തമ്പി രാജ്യത്തിന്ന് വളരെ ഗുണങ്ങൾ ചെയ്തിട്ടുണ്ട്. കുററം ചെയ്യുന്നവരെ ശിക്ഷിക്കുന്നതിൽ അദ്ദേഹം തീരെ ദയ കാണിച്ചിരുന്നില്ല. അദ്ദേഹത്തിൻെറ നീതിനിഷ്ഠയെപ്പററി പല കഥകളും പറഞ്ഞുവരുന്നു.

വേലുത്തമ്പിയുടെ കാലത്തു് ഒരു കണ്ടെഴുത്തു നടത്തി. നിലങ്ങളും പുരയിടങ്ങളും കണ്ടെഴുതാൻ പല പിള്ളമാരെയും നിയമിച്ചു. അവർ തെററു ചെയ്യുന്നുണ്ടോ എന്നു് അദ്ദേഹം നേരിട്ട് അന്വേഷിച്ചിരുന്നു.

ആയിടയ്ക്കു തമ്പി ഒരു ദിവസം വീട്ടിൽ ചെന്നു. വെയിലത്തു നടന്നതിനാൽ അദ്ദേഹത്തിനു ദാഹം ഉണ്ടായിരുന്നു. ഒരു കരിക്കു കൊണ്ടുവരാൻ അദ്ദേഹം വേലക്കാരനോടു പറഞ്ഞു. അയാൾ കരിക്ക് അടക്കാൻ പോയപ്പോൾ ദളവ വീട്ടിനു ചുററും ഉള്ള തെങ്ങുകളിൽ കണ്ണോടിച്ചു. കുലകുലയായി കാച്ചുനിന്ന തെങ്ങുകൾ കണ്ടു് അദ്ദേഹത്തിനു സന്തോഷം ഉണ്ടായി.

വേലക്കാരൻ കൊണ്ടുവന്ന കരിക്കു കുടിച്ചിട്ട് അദ്ദേഹം പൂമുഖത്തു വിശ്രമിച്ചു. ആ സ്ഥലം കണ്ടെ

ഴുതിയ മല്ലൻപിള്ള ആദരവോടെ മുററത്തു വന്നുനിന്നു. അയാളോടു ദളവ ചോദിച്ചു:-

"മല്ലാ, ഈ തെങ്ങെല്ലാം ഏതേതു ഇനത്തിൽ ആണു ഉൾപ്പെട്ടത്തിയിരിക്കുന്നതു്?"

അതു കേട്ടു മല്ലൻപിള്ള അല്പം പതുങ്ങി. അവ ഒന്നാംതരം തെങ്ങുകളായിരുന്നു. എങ്കിലും ദളവയുടെ അമ്മ പറഞ്ഞതനുസരിച്ചു മല്ലൻപിള്ള അവയെ രണ്ടാംതരത്തിലാണു കൊള്ളിച്ചിരുന്നതു്. അയാൾ ഇങ്ങനെ അറിയിച്ചു:—

"ഉത്തരവു്. ഈ തെങ്ങുകൾ രണ്ടാംതരത്തിലാണു ചേർത്തിരിക്കുന്നതു്. ഒന്നാംതരമാക്കി എഴുതിയാൽ കരം വളരെ കൂടിപ്പോകുമല്ലോ?"

ദളവയുടെ ഭാവം മാറി. എന്തു്? എനിക്കു ലാഭം വരുത്താനാണോ നിൻെറ ശ്രമം? രാജ്യം തുലഞ്ഞു പോകട്ടെ, അല്ലേ?

അപ്പോൾ തമ്പിയുടെ അമ്മ പൂമുഖത്തേയ്ക്കു വന്നു. അമ്മ മകനോടു പറഞ്ഞു:—

"മകനെ, മല്ലൻ പാവമാണു്. ഞാൻ പറഞ്ഞിട്ടാണു മല്ലൻ അങ്ങനെ കണ്ടെഴുതിയതു്. തെററാണു ചെയ്തതെങ്കിൽ നീ അവനു മാപ്പു കൊടുക്കണം."

ഉടൻ എല്ലാവരും കേൾക്കേ തമ്പി ഇങ്ങനെ പറഞ്ഞു:—

"അമ്മേ, ഞാൻ അമ്മയുടെ മകനാണു്. എന്നാൽ രാജ്യത്തിലെ ദളവായ്ക്കു കുററക്കാരെ

ശിക്ഷിക്കാതെ തരമില്ല. ഇനി ഇവൻ ഇത്തരം കുററം ചെയ്യരുത്. അതിന് ഇവൻെറ വലത്തു കൈയിലെ പെരുവിരൽ മുറിക്കണം."

ദളവയുടെ ഉത്തരവു തടുക്കാൻ അമ്മയ്ക്കും കഴിഞ്ഞില്ല.

---

പാഠം 42

# ശിബി

പണ്ടു ഭാരതത്തിൽ ശിബി എന്ന ഒരു രാജാവു ജീവിച്ചിരുന്നു. അദ്ദേഹത്തിന് എല്ലാ ജീവികളോടും അളവററ ദയ ഉണ്ടായിരുന്നു.

ഒരു ദിവസം അദ്ദേഹം കൊട്ടാരത്തിൽ ഇരിക്കുകയായിരുന്നു. അന്നേരം ഒരു പ്രാവു് പറന്നു ചെന്ന് അദ്ദേഹത്തിൻെറ മടിയിൽ വീണു. പ്രാവിൻെറ നെഞ്ചു് പട പട എന്നു തുടിച്ചുകൊണ്ടിരുന്നു. രാജാവു് പ്രാവിനെ തഴുകി ആശ്വസിപ്പിച്ചു.

അപ്പോൾ ഒരു പരുന്തും അവിടെ പറന്നുവന്നു. പരുന്തു് രാജാവിനെ നോക്കി ഇങ്ങനെ പറഞ്ഞു:—

"മഹാരാജാവേ! ഇതു് എൻെറ ഇരയാണ്. ഇന്നു രാവിലെ തൊട്ടു് ഇതിനെ പിടിക്കാൻ ഞാൻ പറക്കുന്നു."

ശിബി:—ഇതു് നിൻെറ ഇരയാണെന്നു ഞാൻ അറിഞ്ഞില്ല. പേടിച്ചു് അടുത്തു വന്ന ഇതിനെ ഞാൻ രക്ഷിക്കുന്നതേ ഉള്ളൂ.

പരുന്തു്:—നല്ല ന്യായം തന്നെ. ഞാൻ പിന്നെ എങ്ങനെയാണു് ഇര തേടേണ്ടതു്.



ശിബി:—നീ പറയുന്നതു ശരിതന്നെ. എന്നാൽ ഈ പ്രാവിനെ വിട്ടുതരാൻ എനിക്കു മനസ്സില്ല. നിനക്കു ഭക്ഷണത്തിനുള്ള വക ഞാൻ തരാം. അതുകൊണ്ടു തൃപ്തിപ്പെടരുതോ?

പരുന്തു്:—മതി, ധാരാളം മതി. എന്നാൽ ഒരു കാര്യം ഉണ്ടല്ലോ. പ്രാവിനെ കൊല്ലാൻ അവിടുത്തേയ്ക്കു മനസ്സില്ല. പിന്നെ ഏതു ജീവിയെക്കൊന്നാണു് എനിക്കു തരുന്നതു്?

ശിബി:—നിനക്കു മാംസമല്ലേ വേണ്ടു? (തന്റെ ശരീരത്തിൽ തൊട്ടുകൊണ്ടു്) ഈ ശരീരത്തിലെ മാംസം തന്നു് നിന്നെ തൃപ്തിപ്പെടുത്താം.

ഇത്രയും പറഞ്ഞിട്ടു് രാജാവു വാൾകൊണ്ടു് തന്റെ തുടയിൽനിന്നു മാംസം വെട്ടിയെടുത്തു. ത്രാസിന്റെ ഒരു തട്ടിൽ പ്രാവിനെ വച്ചിട്ടു് മറേറ തട്ടിൽ മാംസം ഇട്ടു തൂക്കി. തുടയിലെ മാംസം തീരാറായിട്ടും അതു് പ്രാവിനോളം തൂങ്ങിയില്ല.

ഒടുവിൽ രാജാവിന്റെ കൈ തന്നെത്താനെനിന്നു.

പരുന്തു് പറഞ്ഞു:—മഹാരാജാവേ! അവിടുത്തെ ദയ ഞങ്ങൾക്കു് ഇപ്പോൾ ബോദ്ധ്യമായി. ഞാൻ അഗ്നിയും ഈ പ്രാവു് ഇന്ദ്രനും ആണു്. അവിടുത്തെ പരീക്ഷിക്കാനാണു് ഞങ്ങൾ വന്നതു്. അങ്ങേയ്ക്കു് ആപത്തു വരികയില്ല. സ്ഥിരമായ കീർത്തി ഉണ്ടാകയും ചെയ്യും.

എന്നുപറഞ്ഞിട്ടു് അവർ മറഞ്ഞു.

---

# വണ്ടും പൂക്കളും

വണ്ട്:— വരണ്ട തൊണ്ടയോടേ ഞാൻ
വരുന്നു കൊച്ചുമല്ലികേ!
വല്ലതും തരുമോ ദാഹം
വളരുന്നോരെനിക്കു നീ?

പിച്ചക:— കൊമ്പിനാലെൻെറ മേൽക്കുത്തി-
ക്കോറലേല്പിച്ചിടായ്കിലോ
വായൽപ്പം മധുരിപ്പിക്കാൻ
വകയുണ്ടെൻെറ കൈയിലും



പനിനീർപ്പൂവ്:—പറഞ്ഞുതരുമോ മൂളി-
പ്പറക്കാനുള്ള വിദ്യ നീ!
കുഞ്ഞിക്കുറുമ്പ തൊരെന്നാൽ
കുറച്ചു മധുരം തരാം.

ചെമ്പകം:— കരിവണ്ടേ, വരൊല്ലെൻെറ-
യരികെ,ത്തേൻ തരില്ല ഞാൻ;
നല്ല പൂമ്പാററകൾക്കേ ഞാൻ
നൽകൂ മധുരമെൻ മധു.

—ജി. ശങ്കരക്കുറുപ്പ്.

---

പാഠം 44

# ആമയും മുയലും

നിങ്ങൾ മുയലിനെ കണ്ടിട്ടുണ്ടോ? അതിന് അതിവേഗത്തിൽ ഓടാൻ കഴിയും. മുയൽ ശത്രുക്കളിൽ നിന്ന് രക്ഷപ്പെടുന്നതു് ഓട്ടത്തിലുള്ള മിടുക്കു കൊണ്ടാണ്.


ഒരിയ്ക്കൽ ഒരു മുയൽ ഒരു ആമയെ കണ്ടു. ആമയ്ക്കു് വെള്ളത്തിൽ വളരെ വേഗം നീന്താൻ കഴിയും. എന്നാൽ, കരയിൽ അതിന് വളരെ പതുക്കെ ഇഴയാൻ മാത്രമേ കഴിയൂ. വലിയ ഓട്ടക്കാരനായ മുയൽ ആമയെ പുച്ഛിച്ച് "എങ്ങോട്ടാണു വലിഞ്ഞിഴഞ്ഞു പോകുന്നതു്" എന്നുചോദിച്ചു.

ആമയ്ക്കു് ആ ചോദ്യം രസിച്ചില്ല. ആമ പറഞ്ഞു:—

"ചങ്ങാതി, നീ വലിയ ഓട്ടക്കാരനാണു്, സമ്മതിച്ചു. എങ്കിലും, ഈ പരിഹാസം നന്നല്ല. നമുക്കു് ഒരു പന്തയം വയ്ക്കാം. അര നാഴിക ദൂരെ ഒരു കുളമുണ്ടല്ലോ; അതിന്റെ കരയിൽ നമ്മളിൽ ആരാണു മുൻപേ എത്തുക എന്നു നോക്കാം. ഞാൻ നിന്നെ തോല്പിക്കും; തീർച്ചയാണു്."

മുയൽ പറഞ്ഞു:— "ഈ ഞാൻ തോൽക്കും. നീ ജയിക്കും! അല്ലേ? കൊള്ളാം. ഇപ്പോൾത്തന്നെ ഓടാം. നിന്റെ അഹങ്കാരം തീർക്കണമല്ലോ."

ആമയും മുയലും ഒരു വരമ്പത്തു് ഒപ്പം നിന്നു. ആമ "ഒന്നു്" എന്നു പറഞ്ഞപ്പോഴേയ്ക്കും മുയൽ കൈ മുൻപോട്ടു വച്ചു. "രണ്ടു്, മൂന്നു്" എന്നു പറഞ്ഞു തീർന്ന ഉടൻ മുയൽ ഓട്ടം തുടങ്ങി. ആമയ്ക്കു് ഓടാൻ പററുമോ? അതിന്റെ പുറത്തേ



തടിച്ചു ഓട്ട് പത്തുകെ അനങ്ങുന്നതു് മുയൽ തിരിഞ്ഞു നോക്കിയപ്പോൾ കണ്ടു.

പകുതിവഴി ചെന്നപ്പോൾ മുയൽ ഒരു തണൽ കണ്ടു. അവിടെ കുറച്ചിരിക്കാമെന്നു അതു വിചാരിച്ചു. ആമ അപ്പോൾ അടുത്തെങ്ങും എത്തിയിരുന്നില്ല. ആമ വരുമ്പോഴേയ്ക്കു് ഓടിയാൽ മതിയല്ലോ എന്നു മുയൽ വിചാരിച്ചു.

മുയൽ ഉറങ്ങിപ്പോയി. വളരെ നേരം വൈകിയിട്ടാണു് ഉണർന്നതു്. ഉടൻതന്നെ അതു് കുതിച്ചു പാഞ്ഞു. ആ കുളത്തിന്റെ കരയ്ക്കൽ എതിരാളി തന്നെ കാത്തു നില്ക്കുന്നതാണു് ആ പാവം കണ്ടതു്. മുയൽ നാണിച്ചു തല താഴ്ത്തി.

---

പാഠം 45

# പണം കഴിച്ചിട്ട വിഡ്ഢി

ഒരു രാജ്യത്തു് ഒരു ധനികൻ ഉണ്ടായിരുന്നു. ഒരിക്കൽ അദ്ദേഹം ഒരു ദൂരയാത്ര ചെയ്യാൻ തീർച്ചപ്പെടുത്തി. പുറപ്പെടാറായപ്പോൾ വേലക്കാരെ അടുക്കൽ വിളിച്ചു. അദ്ദേഹം അവർക്കു വേണ്ട ഉപദേശങ്ങൾ നൽകി. പിന്നീടു് ഒരാൾക്കു് അഞ്ചു പവനും, രണ്ടാമനു് രണ്ടു പവനും, മൂന്നാമനു് ഒരുപവനും കൊടുത്തു.

യജമാനൻ പോയശേഷം, അഞ്ചു പവൻ കിട്ടിയ ഭൃത്യൻ വ്യാപാരം നടത്തി. അവൻ അഞ്ചു പവൻകൂടി സമ്പാദിച്ചു. രണ്ടാമനും കച്ചവടംനടത്തി. അവനും രണ്ടു പവൻ ലാഭം കിട്ടി. മൂന്നാമത്തെ ആൾ മടിയൻ ആയിരുന്നു. യജമാനൻ കോപിക്കുമെന്നു പേടിച്ച് അവൻ പവൻ ഭദ്രമായി കുഴിച്ചിട്ടു.

കുറേക്കാലം കഴിഞ്ഞു് ധനികൻ തിരിച്ചെത്തി. അദ്ദേഹം വേലക്കാരോടു വിശേഷങ്ങൾ ചോദിച്ചറിഞ്ഞു. അവരെ ഏൽപ്പിച്ചിരുന്ന നാണയങ്ങളെപ്പററിയും അദ്ദേഹം ചോദിച്ചു.

ഒന്നാമൻ:- അഞ്ചു പവൻ എന്നെ ഏൽപ്പിച്ചു. ഞാൻ അതുകൊണ്ടു വ്യാപാരം നടത്തി. ഇപ്പോൾ എൻെറ പക്കൽ പത്തു പവൻ ഉണ്ടു്.

ധനികൻ:- കൊള്ളാം. നീ ബുദ്ധിയുള്ളവൻ, നല്ലതു പ്രവർത്തിച്ചു. ചെറിയ കാര്യത്തിൽ നീ വിശ്വസ്തനാണെന്നു തെളിയിച്ചു. ഇനിയും വലിയ കാര്യങ്ങൾ ഞാൻ നിന്നെ ഏൽപ്പിക്കും. പത്തു പവനും നീ എടുത്തുകൊള്ളുക.

രണ്ടാമൻ:- ഞാനും രണ്ടു പവൻകൂടി സമ്പാദിച്ചു.

ധനികൻ മിടുക്കൻ. നീയും വേണ്ടപോലെ ചെയ്തു. പവൻ നാലും നീ എടുത്തു കൊള്ളുക.

മൂന്നാമൻ:- അങ്ങു് ഒരു പവൻ എനിക്കു തന്നു. അതു് ഞാൻ കളഞ്ഞു പോകാതെ കുഴിച്ചിട്ടിരുന്നു. ഇതാ അതു് എൻെറ കൈയിൽ ഉണ്ടു്.

ധനികനു് അവന്റെ നേരെ നീരസം തോന്നി. അവനോടു് ഇങ്ങനെ പറഞ്ഞു:—

"നീ ബുദ്ധിയില്ലാത്തവൻ. പവൻ കഴിച്ചിട്ട നീ. ഒന്നിനും കൊള്ളരുതാത്തവനാണു്. പുറത്തു പൊയ്ക്കൊൾക."

അവനെ ആ ധനികൻ വീട്ടിനു പുറത്താക്കി. അവന്റെ പക്കൽ ഉണ്ടായിരുന്ന പവൻ തിരിച്ചെടുത്തു് അതും മററു വേലക്കാർക്കു കൊടുത്തു.


---

പാഠം 46

# കഴുതയെ ചുമന്നതു്

ഒരു കിഴവനും മകനുംകൂടി ഒരു കഴുതയെ വിൽക്കാനായി ചന്തയിലേയ്ക്കു കൊണ്ടുപോകയായിരുന്നു. വഴിയിൽ ഒരിടത്തുവച്ചു് ഒരാൾ അവരോടു് ഇങ്ങനെ ചോദിച്ചു:— "കിഴവനു് എന്താണു്, ഭ്രാന്തു് പിടിച്ചോ? കഴുതയെ വെറുതേ നടത്തി നിങ്ങളും ചെറുക്കനും നടന്നു ക്ഷീണിക്കുന്നല്ലോ."

വൃദ്ധൻ ഇതു കേട്ടു് മകനെ കഴുതപ്പുറത്തു കയററി കുറേ വഴി പോയപ്പോൾ മറെറാരു വഴിപോക്കൻ അവരോടു പറഞ്ഞു. "ഇതെന്തൊരു മര്യാദയാണു്? വയസ്സൻ നടന്നു വലയുന്നു. പയ്യൻ സുഖമായി കഴുതപ്പുറത്തു സവാരി ചെയ്യുന്നു; കഷ്ടം തന്നെ!"



ഇതുകേട്ട് മകൻ താഴെ ഇറങ്ങി. വൃദ്ധൻ കഴുതപ്പുറത്തു കയറി യാത്ര തുടങ്ങി. അപ്പോൾ മറെറാരു പാന്ഥൻ വൃദ്ധനോടു പറഞ്ഞു. "മൂപ്പിലേയ്ക്കു് ഇത്ര അലിവില്ലല്ലോ. കുട്ടി നടന്നു കാൽ കുഴയുന്നതു നോക്കൂ! തനിക്കല്ലേ നടക്കാൻ കൂടുതൽ ശേഷി?''

ബുദ്ധികെട്ട കിഴവൻ ഇതുകേട്ട് മകനെക്കൂടെ കഴുതപ്പുറത്തു കയററിക്കൊണ്ടു തിരിച്ചു. പിന്നീട് അവർ കണ്ട വഴിപോക്കൻെറ ആക്ഷേപം ഇപ്രകാരമായിരുന്നു.

"ഇതെന്തു കഷ്ടം ഈ കഴുത നിങ്ങളെ രണ്ടു പേരെ എങ്ങനെ ചുമക്കും? രണ്ടുപേരുംകൂടി ഈ കഴുതയെ എടുത്തുകൊണ്ടു പോകുന്നതാണു് യോഗ്യത."

കിഴവനും മകനും ഈ അഭിപ്രായം ശരിയെന്നു തോന്നി. അവർ കഴുതപ്പുറത്തുനിന്നു് ഇറങ്ങി. അവർ അതിന്റെ ഈരണ്ടുകാലു കൂട്ടികെട്ടി ഒരു തണ്ടു് കാലുകളുടെ ഇടയിൽക്കൂടെ ഇട്ടു് തോളിൽ വച്ചു ചുമന്നുകൊണ്ടു പോയി. വഴിയിൽ അവർക്കു് ഒരു പാലം കടന്നു പോകാനുണ്ടായിരുന്നു. അവർ പാലത്തിന്റെ നടുവിൽ എത്തിയപ്പോൾ ആററിന്റെ രണ്ടു കരകളിലും ആളുകൾ കൂട്ടംകൂടി. "മനുഷ്യരെ ചുമക്കേണ്ട കഴുതയെ കെട്ടിച്ചുമക്കുന്ന ഇവർ മനുഷ്യക്കഴുതകൾ തന്നെ" എന്നു പറഞ്ഞു് അവർ കൈ കൊട്ടി ആർത്തു വിളിച്ചു. ഈ കോലാഹലം കേട്ടു് കഴുത പിടച്ചു കാൽ കുടഞ്ഞു. അപ്പോൾ കാലിൽ കെട്ടിയിരുന്ന കയറുപൊട്ടി കഴുത ആററിൽ വീണു പോകയും ചെയ്തു.

പാവം! നമ്മുടെ കഴുത ചത്തുപോയല്ലോ. "മററുള്ളവർ പറഞ്ഞതെല്ലാം ആലോചനകൂടാതെ കേട്ടതിനാൽ ഈ ആപത്തു സംഭവിച്ചു" എന്നു പറഞ്ഞു വ്യസനിച്ചു കൊണ്ടു് വൃദ്ധൻ മകനോടുകൂടി വീട്ടിലേയ്ക്കു തിരിച്ചു.

Printed at
The Kamala Printing House,
Vazhuthacaud Trivandrum.

GOVERNMENT TRAINING SCHOOL
T. C. STATE.
KOTTAYAM